കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : **0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(എം.2)89/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/03/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

സർ,

വിഷയം : മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1.സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3.ഡയറക്ടർ നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം
5.ഓഫീസ് പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(എം.2)89/2025 തീയ്യതി: 27/03/2025

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. എം.വി.സിനി	ജോയിന്റ് ഡയറക്ടർ	27-01-2025	07-02-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-01-2025	07-02-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. അജിമോൻ പി.പി., ഓഡിറ്റ് ഓഫീസർ
2. ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. നവാസ് സി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
4. സെറീന പി.എ., സീനിയർ ഗ്രേഡ് ഓഡിറ്റർ
5. അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
6. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പി.പി.എൽദോസ്	ചെയർമാൻ	01-04-2023	31-03-2024
ശ്രീ.മൊഹമ്മദ് ആരിഫ് ഖാൻ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സന്തോഷ് കുമാർ എസ്.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	11-04-2023

ശ്രീ.ദിലീപ്.വി.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	12-04-2023	31-03-2024
ശ്രീ.വിഷ്ണു എസ്.	അസി.എഞ്ചിനീയർ	01-04-2023	20-07-2023
ശ്രീമതി.ഹരിപ്രിയ എസ്.	അസി.എഞ്ചിനീയർ	21-07-2023	31-03-2024
ശ്രീ.സഹദേവൻ ഇ.കെ.	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	04-07-2023
ശ്രീ.ദീപ് വി.	ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ.1	05-07-2023	31-03-2024
ഡോ.കൃഷ്ണദാസ് പി.	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.മിനി സി.കർത്ത	മെഡിക്കൽ ഓഫീസർ -ഹോമിയോ	01-04-2023	31-03-2024
ഡോ.ഷീല പി.സി.	മെഡിക്കൽ ഓഫീസർ - ആയുർവേദം	01-04-2023	31-03-2024
ശ്രീ.ശ്യാമളവർണ്ണൻ പി.ജി.	ഹെഡ് മാസ്റ്റർ	01-04-2023	05-06-2023
ഒഴിവ്	ഹെഡ് മാസ്റ്റർ	06-06-2023	29-09-2023
ശ്രീമതി.ഷബീന ബീഗം	ഹെഡ് മിസ്ട്രസ്	30-09-2023	31-03-2024
ശ്രീ.സൈനുദ്ദീൻ കെ.എം.	അഗ്രി.ഫീൽഡ് ഓഫീസർ	01-04-2023	31-03-2024
ശ്രീമതി.നൈനിമോൾ ഐ.ജി.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ.അനിത ബാബു	സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല.	1-1-1
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ കൃത്യമല്ല.	1-1-2
4	ബാങ്ക് റിക്കൺസിലിയേഷന് ആധാരമായ ചെക്ക്/വൗച്ചർ എന്നിവയുടെ വിവരങ്ങളില്ല.	1-1-3
5	ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ ചെലവ് വിവരങ്ങൾ കൃത്യമല്ല.	1-1-4
6	തെറ്റായ ഹെഡ്ഡിൽ വരവ് ബുക്ക് ചെയ്തു	1-1-5
7	വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-6
8	നിക്ഷേപ രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല.	1-1-7
9	ലോൺ രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല.	1-1-8
10	സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-9
11	അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മാലിന്യസംസ്കരണം- ഹരിതകർമ്മസേനയിലൂടെ	1-10
21	ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് - ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനം- അപാകതകൾ	1-11
22	നഗരസഭാ കെട്ടിടങ്ങളുടെ വാടക വർദ്ധനവ് - തുടർനടപടികൾ അപര്യാപ്തം - വരവിൽ ആവർത്തന നഷ്ടം സംഭവിക്കുന്നു.	1-12
23	ഇ ടെണ്ടർ തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് കൈമാറിയില്ല. പലിശ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമായി.	1-13
24	വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിതിൽ കുറവ് - വരവ് നഷ്ടം	1-14
25	IFTEOS ലൈസൻസ് – അപാകതകൾ	1-15
26	തൊഴിൽ നികുതി - അപാകതകൾ	1-16
27	അനധികൃത കെട്ടിടങ്ങളിലെ നികുതി വരവ്- അപാകതകൾ	1-17
28	വാടക വരവ് – അപാകതകൾ	1-18
29	വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നുമുള്ള പിഴയായി ഉത്ഭവത്തിൽ തുക കുറവ് ചെയ്തു.	1-19
30	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക ക്രമീകരിക്കാനവശേഷിക്കുന്നു.	1-20
31	മുൻകൂർ യഥാസമയം ക്രമീകരിക്കുന്നില്ല.	1-21
32	ബാങ്ക് റിക്കൺസിലിയേഷന് ആധാരമായ ഇൻസ്ട്രുമെന്റുകളുടെ വിവരം ലഭ്യമല്ല.	1-22
33	വെള്ളക്കരം കുടിശ്ശിക തീർപ്പാക്കിയിട്ടില്ല.	1-23
34	തനതുഫണ്ടിൽ നിന്ന് പിഴപ്പലിശ അടവാക്കി: ₹81,710.00-യുടെ ചെലവ് നിരാകരിക്കുന്നു.	1-24
35	കരാറുകാരന് യഥാസമയം തുക നൽകിയില്ല - വക്കീൽ ഫീസ് ഇനത്തിൽ തുക നൽകിയത് - പാഴ്ചെലവ്	1-25
36	വാഹനങ്ങളുടെ ഇൻഷ്വറൻസ്-സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.	1-26
37	ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല	1-27
38	ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചില്ല.	1-28
39	എസ്.എസ്.എ. വിഹിതം ധനവിനിയോഗ രേഖ ലഭ്യമല്ല. ₹500,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-29
40	എസ്.സി./ എസ്.ടി. വിദ്യാർത്ഥി സ്കോളർഷിപ്പ് - വാർഡ് സഭ അംഗീകരിച്ച ലിസ്റ്റ് ലഭ്യമല്ല. ₹6,10,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-30
41	പി.എം.എ.വൈ ഭവന നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.	1-31
42	ടെക്നോളജി കോൺക്ലേവ് - നഗരസഭാ വിഹിതം അധികം അടവാക്കി - ഒരു ലക്ഷം രൂപ നഷ്ടം.	1-32
43	സിസിടിവി, ഇന്റർകോം എന്നിവ ജനറൽ ആശുപത്രിയിലേക്ക് വാങ്ങൽ - പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-33
44	ജനറൽ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-34
45	എൻസിഡി കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല	1-35

46	ഓട ക്ലീനിംഗ് - ടിഡിഎസ് ഈടാക്കി അടവാക്കിയിട്ടില്ല	1-36
47	സ്മാർട്ട് ഗാർബേജ് ആപ്പ്-പ്രവർത്തന ക്ഷമമായിട്ടില്ല - ₹213525/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-37
48	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല	1-38
49	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -അപാകതകൾ	1-39
50	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ കരാറിൽ ഏർപ്പെട്ടില്ല, നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചില്ല.	1-40
51	കുര്യൻമല പ്ലേ ഗ്രൗണ്ട് നിക്ഷേപ പ്രവൃത്തി – പൂർത്തീകരിച്ചില്ല	1-41
52	ജനറൽ ഹോസ്പിറ്റൽ പേ വാർഡ്, ലതാ പാർക്ക് മെയിന്റനൻസ് എന്നീ പ്രൊജക്ടുകളുടെ നിർവ്വഹണം-അപാകതകൾ	1-42
53	ഓഡിറ്റ് ഇംപാക്ട്	1-43
54	തെരുവ് വിളക്കുകളുടെ പരിപാലനം - അനർഹമായി തുക ചെലവഴിച്ചു.	1-44
55	അനർഹമായി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടി കാര്യക്ഷമമല്ല.	1-45
56	മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.	1-46
57	സർവ്വീസ് പെൻഷൻ വിതരണവിവരങ്ങളും അപാകതകളും	1-47
58	റഗുലർ പെൻഷൻ	1-47-1
59	കണ്ടിജന്റ് പെൻഷൻ	1-47-2
60	IBPMS മുഖേനയുള്ള പെർമിറ്റ് ഫീസ് ലഭ്യമായതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.	1-48
	ഭാഗം 2	
1	വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിതിൽ കുറവ്. ₹86,867/- യുടെ വരവ് നഷ്ടം	2-1
	ഭാഗം 3	
1	ടെക്നോളജി കോൺക്ലേവ് - നഗരസഭാ വിഹിതം അധികം അടവാക്കി - ഒരു ലക്ഷം രൂപ നഷ്ടം.	3-1
2	തനതുഫണ്ടിൽ നിന്ന് പിഴപ്പലിശ അടവാക്കി: ₹81,710/-യുടെ ചെലവ് നിരാകരിക്കുന്നു.	3-2
3	തെരുവ് വിളക്കുകളുടെ പരിപാലനം - മെയിന്റനൻസ് പ്രൊജക്ടിന് ഏജൻസി ചാർജ്ജ് നൽകി - 31558/- രൂപയുടെ നഷ്ടം	3-3
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **മൂവാറ്റുപുഴ നഗരസഭയുടെ** 2024 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2024 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂവാറ്റുപുഴ നഗരസഭയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 27.03.2025

ജോയിന്റ് ഡയറക്ടർ

1-1-1 ജനുവരി 2024-ന് ശേഷമുള്ള വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമല്ല.

ജനുവരി 2024-ന് ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ കെ-സ്മാർട്ടിൽ ലഭ്യമല്ലാത്തതിനാൽ ജനുവരി 2024 ശേഷമുള്ള വസ്തുനികുതി, നികുതി കുടിശ്ശിക എന്നിവ ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ കൃത്യമല്ല.

നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി-യിലും പൊതുമരാമത്ത് വകുപ്പിലുമായി തൻവർഷം ₹6468510.00 നൽകിയെങ്കിലും ₹49779.00 മാത്രമാണ് വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-3 ബാങ്ക് റിക്കൺസിലിയേഷന് ആധാരമായ ചെക്ക്/വൗച്ചർ എന്നിവയുടെ വിവരങ്ങളില്ല.

വിവിധ അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ബാങ്ക് ബുക്കും പാസ്സ്ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടുള്ളത് Directly Credited To Bank, Cheque Issued But Not Presented Into Bank എന്നീ എൻട്രികൾ മുഖേനയാണ്. എന്നാൽ ഇങ്ങനെ പൊരുത്തപ്പെടുത്തിയിട്ടുള്ള ഇൻസ്ട്രുമെന്റുകളുടെ വിവരമോ, വൗച്ചറുകളുടെ വിവരമോ ലഭ്യമല്ലാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

1-1-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ ചെലവ് വിവരങ്ങൾ കൃത്യമല്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ₹7309732.00 രൂപയാണ് ചെലവ്. എന്നാൽ സുലേഖ പത്രികയിൽ ₹7311948.00 ആണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികം ചെലവഴിച്ച ₹100000.00-യുടെ വിവരം സുലേഖ പത്രികയിലോ, അപ്രൊപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 തെറ്റായ ഹെഡ്ഡിൽ വരവ് ബുക്ക് ചെയ്തു

140120100 എന്ന ഹെഡ്ഡിൽ കെട്ടിട നിർമ്മാണാനുമതിയിനത്തിലെ വരവിനോടൊപ്പം പി എം എ വൈ പെർമിറ്റ് അപേക്ഷാ ഫീസ് 40/-രൂപ കൂടാതെ വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റ് (എഫ് ഫണ്ട്) തുകയും ഈയിനത്തിലെ വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-6 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

സാംഖ്യ സോഫ്റ്റ്‌വെയറിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

1-1-7 നിക്ഷേപ രജിസ്റ്റർ ശരിയായി സൂക്ഷിച്ചിട്ടില്ല.

ബാലൻസ് ഷീറ്റിന്റെ ബി-7 ഷെഡ്യൂളിൽ ₹49,967,329.00 വിവിധ ഇനങ്ങളിലെ നിക്ഷേപ തുകകളായി നീക്കിയിരിപ്പുണ്ടെങ്കിലും നിക്ഷേപ രജിസ്റ്ററിൽ നിക്ഷേപകന്റെ പേരോ തിരികെ നൽകാനുള്ള തുകയുടെ വിവരമോ ലഭ്യമല്ല.

1-1-8 ലോൺ രജിസ്റ്റർ ശരിയായി പരിപാലിച്ചിട്ടില്ല.

ലോൺ രജിസ്റ്ററിൽ ഓരോ വർഷവും ജി.ഒ. പ്രൊജക്ട് മുഖേന സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യുന്ന വായ്പ തുക രേഖപ്പെടുത്തി തിരികെ അടവാക്കാനുള്ള വായ്പാ തുകയുടെ വിവരം ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-9 സാമൂഹ്യ സുരക്ഷാപെൻഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് സേവന സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-10 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, 58(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

നഗരസഭയുടെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയതായി മിനിട്ട്സിൽ രേഖപ്പെടുത്തലില്ല. 21.03.2023 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ ബജറ്റ് അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. കൗൺസിലിന്റെ 08.02.2024 ലെ 1/1 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

	കരട് ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരുപ്പ്	₹5350800	₹2204600
വരവ്	₹725740117	₹440813329
ആകെ	₹731090917	₹443017929
ചെലവ്	₹724645917	₹434349529
നീക്കിയിരുപ്പ്	₹6445000	₹8668400

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 293 പ്രകാരം മുനിസിപ്പാലിറ്റികളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ഫോറത്തിലും രീതിയിലും തയ്യാറാക്കുന്നതിനും ആയതിന് മാറ്റങ്ങളില്ലാതെയോ മാറ്റങ്ങളോടുകൂടിയോ കൗൺസിൽ അംഗീകാരം നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	₹58179579.20
ഓഡിറ്റ് വർഷത്തെ വരവ്	:	₹329979347.00
ആകെ	:	₹388158926.20
ഓഡിറ്റ് വർഷത്തെ ചെലവ്	:	₹252863472.00
നീക്കിയിരുപ്പ്	:	₹135295454.20

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ-ചെലവുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഗ്രാന്റ് വിനിയോഗം

ഇനം	മുന്നിരിപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരിപ്പ്(₹)	ചെലവഴിക്കാതെ ലാപ്സായ തുക(₹)
വികസനഫണ്ട്-ജനറൽ*	0	22193054	22193054	20548410	0	1644644
വികസനഫണ്ട് -SCP**	0	7914464	7914464	3865933	0	4048531
വികസനഫണ്ട് -TSP	0	793642	793642	185000	0	608642
CFC -Basic (Bank)	-1351307	8430300+ പലിശ 247045= 8677345	7326038	2662835	4663203	-
CFC-Tied (Bank)	1424646	12645700	14070346	4646897	9423449	
മെയിന്റനൻസ് ഗ്രാന്റ് -റോഡ്	0	12449350	12449350	7214222	0	5235128
മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്	0	24429400	24429400	21211635	0	3217765
320802000 ആർ.എം.എസ്.എ+ താലൂക്ക് ആശുപത്രി+ തൊഴിലുറപ്പ്+ വിനോദസഞ്ചാരം	383755+ 26808+ 6904+ 0 =417467	241065+ 0+ 6715886+ 50000000 =56956951	624820+ 26808+ 6722790+ 50000000 =57374418	624820+ 0+ 6719496+ 0 =7344316	0+ 26808+ 3294+ 50000000 =50030102	
320100100 എൻ.യു.എൽ.എം+ ഖരമാലിന്യ സംസ്കരണം+ അനുപൂരക പോഷകാഹാരം+ ഐ.എൽ.സി.എസ്+ എൻ.എസ്.ഡി.പി+ പി.സി.പി+ സ്വച്ഛ് ഭാരത് മിഷൻ+ ശുചിത്വ മിഷൻ+ ആശ്രയ+ ടേക്ക് എ ബ്രേക്ക്+ മഴക്കാല പൂർവ്വ ശുചീകരണം+ വിമുക്തി	0+ 1880621+ 975472+ 4194432+ 363476+ 170259+ 0+ 0+ 0+ 0+ 280000+ 8000 =7872260	774190+ 55134+ 1431730+ 122967+ 10503+ 4657+ 500000+ 713479+ 1333333+ 1340599+ 0+ 0 =6286592	774190+ 1935755+ 2407202+ 4317399+ 373979+ 174916+ 500000+ 713479+ 1333333+ 1340599+ 280000+ 8000 =14158852	774190+ 0+ 292558+ 0+ 0+ 0+ 0+ 713479+ 1333333+ 1340599+ 280000+ 0 =4734159	0+ 1935755+ 2114644+ 4317399+ 373979+ 174916+ 500000+ 0+ 0+ 0+ 0+ 8000 =9424693	
ഹെൽത്ത് ഗ്രാന്റ് 320 200206	5710862	7382557	13093419	9259450	3833969	
ഹെൽത്ത് ഗ്രാന്റ് 320 200207	0	2695000+ 10965 (പലിശ) =2705965	2705965	2409294	296671	
അമൃത് പദ്ധതി 320 200213	0	34988928	34988928	34988928	0	
320 300100 ദുരന്തനിവാരണം	0	200000	200000	0	200000	
320 809900 പി.എം.എ.വൈ+ ഇ.എം.എസ് ഭവനപദ്ധതി+ ഐ.എച്ച്.എസ്.ഡി.പി (യു.ബി.ഐ)+ ഐ.എച്ച്.എസ്.ഡി.പി (കാനറ ബാങ്ക്)+ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്+ ഐ.സി.ഡി.എസ് ടോയ്‌ലറ്റ്+ അങ്കണവാടി നെയിംബോർഡ്	9873415+ 4260665+ 4267156+ 199987+ 19476+ 10000+ 2126 =18632825	9952049+ 124909+ 118891+ 2886+ 0+ 0+ 0 =10198735***	19825464+ 4385574+ 4386047+ 202873+ 19476+ 10000+ 2126 =28831560	9488262+ 0+ 0+ 0+ 0+ 0+ 0 =9488262	10337202+ 4385574+ 4386047+ 202873+ 19476+ 10000+ 2126 =19343298	
ദുരിതാശ്വാസനിധി 311110100	35678	1436	37114	177	36937	

*ജി.ഒ പ്രൊജക്ട് തുക ₹3563533.00 ഉൾപ്പെടെ

**ജി.ഒ പ്രൊജക്ട് തുക ₹106667.00 ഉൾപ്പെടെ

***₹4,00,000.00 ഹഡ്കോ ലോൺ ഉൾപ്പെടെയുള്ള തുക

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
218	₹15,48,40,338	₹7,55,77,079	86	108	24	39.44

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്(₹)	വരവ്(₹)	ആകെ(₹)	ചെലവ്(₹)	നീക്കിയിരുപ്പ്(₹)
ഭരണ ചെലവുകൾ	6904	2018153+ 350 (പലിശ)	2025407	607649	3294 (1414464 ഗവ.റിഡംപ്ഷൻ)

		=2018503			
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	6111847	6111847	6111847	0
ആകെ	6904	8130350	8137254	6719496	3294 (1414464 ഗവ.റിഡംപ്ഷൻ)

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	₹5,56,800	36
വിധവാപെൻഷൻ	1,35,96,200	940
വാർദ്ധക്യകാല പെൻഷൻ	₹3,16,08,500	2171
വികലാംഗപെൻഷൻ	₹37,41,200	257
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	₹3,53,600	25
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	0	0

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഓഡിറ്റ് വർഷത്തെ വിതരണ തുക സേവന സൈറ്റിലെ കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു. ആയത് ക്രമപ്പെടുത്തേണ്ടതാണ്.

ക്ഷേമപദ്ധതിയുടെ പേര്	സേവന സൈറ്റ് പ്രകാരം	വാർഷിക ധനകാര്യ പത്രിക പ്രകാരം	വ്യത്യാസം
കർഷകതൊഴിലാളി പെൻഷൻ	₹5,56,800	₹449,600	₹1,07,200
വിധവാപെൻഷൻ	₹1,35,96,200	₹1,09,80,100	₹26,16,100
വാർദ്ധക്യകാല പെൻഷൻ	₹3,16,08,500	₹2,54,39,000	₹61,69,500
വികലാംഗപെൻഷൻ	₹37,41,200	₹29,87,400	₹7,53,800
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	₹3,53,600	₹2,76,800	₹76,800

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.02.2025 തീയതിയിൽ ഉച്ചയ്ക്ക് 2.30 മണി സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹2,38,394/-യുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ കൗൺസിലിന് നൽകേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.

മുനിസിപ്പാലിറ്റിയുടെ 1996-97 മുതൽക്കുള്ള 29ഓളം ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം മുനിസിപ്പാലിറ്റി പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

വിവിധ ആവശ്യങ്ങൾക്കായി നഗരസഭ സ്വീകരിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ ശീർഷകം തിരിച്ച് എഴുതി സൂക്ഷിക്കുന്നില്ല. റീഫണ്ടുകൾ നടത്തുമ്പോൾ രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരുപ്പുള്ള ഡെപ്പോസിറ്റ് തുകകൾ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം വ്യക്തികളിൽ നിന്നും സ്വീകരിച്ചിട്ടുള്ളവയാണെന്നോ അതിൽ

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ഏതെല്ലാമെന്നോ ഉറപ്പാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്.

പി.എഫ്.എം.എസ്.ക്രെഡിറ്റ് സ്റ്റാറ്റസ് ഉറപ്പാക്കപ്പെടുന്നില്ല.

വിവിധ അക്കൗണ്ടുകളിൽ നിന്നും പി.എഫ്.എം.എസ്. മുഖാന്തിരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന തുകകൾ അതത് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട് എന്ന് ഉറപ്പാക്കപ്പെടുന്നില്ല. പി.എഫ്.എം.എസ്. വാർഷിക ക്രെഡിറ്റ് സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി നിരവധി തവണ ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല. ഇതിന്റെ അഭാവത്തിൽ ഏത് അക്കൗണ്ടിലേക്കാണ് തുക ക്രെഡിറ്റ് ആയിട്ടുള്ളത് എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

IFTE&OS ലൈസൻസ് ഫീസ് കുടിശ്ശിക

നഗരപ്രദേശത്ത് സ്ഥാപനങ്ങൾ നടത്തുന്നതിനാവശ്യമായ ലൈസൻസ്, സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനോ ലൈസൻസ് കാലാവധി അവസാനിക്കുന്നതിനോ 30 ദിവസം മുൻപ് എടുക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ പ്രവർത്തനം നടത്തുന്നതിന് മുൻകൂർ ലൈസൻസ് എടുക്കണമെന്നിരിക്കെ എ.എഫ്.എസ്. പ്രകാരം ലൈസൻസ് ഫീസിൽ കുടിശ്ശിക ഉള്ളത്, ലൈസൻസ് എടുക്കാതെ നഗരസഭയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നത് വെളിപ്പെടുത്തുന്നു. നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നത് എന്നുറപ്പാക്കാനുള്ള ആഭ്യന്തര നിയന്ത്രണം നഗരസഭയിൽ ഫലപ്രദമല്ല എന്ന് കാണുന്നു. യഥാസമയം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മാലിന്യസംസ്കരണം- ഹരിതകർമ്മസേനയിലൂടെ

മൂവാറ്റുപുഴ മുനിസിപ്പാലിറ്റി ഖരമാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019 നവംബർ മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. മുനിസിപ്പാലിറ്റിയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ നഗരസഭയ്ക്ക് 13.18 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 28 വാർഡുകളുള്ള നഗരസഭയിലെ ജനസംഖ്യ 30397 ആണ്. ആൾ താമസമുള്ള 8422 വീടുകളും 3125 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 5305 വീടുകളിൽ നിന്നും, 2500 സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്നുണ്ട്. 2019-ലാണ് ഹരിതകർമ്മസേന ഇവിടെ രൂപീകരിച്ചത്. 2022 ഏപ്രിൽ 7 മുതൽ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ്, തിരുവല്ല എന്ന ഹരിതസഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിലാണ് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് വരുന്നത്. 26 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ	എല്ലാ മാസവും
ചെരുപ്പ്, ബാഗ്	ജനവരി, ഏപ്രിൽ, ജൂലൈ,ഒക്ടോബർ
തുണി മാലിന്യം	ഏപ്രിൽ, സെപ്റ്റംബർ
ഇ-വേസ്റ്റ്, ബാറ്ററി	മാർച്ച്, ജൂൺ, ഡിസംബർ
കുപ്പിച്ചില്ല്, കുപ്പി, ചില്ല് മാലിന്യം.	ഫെബ്രുവരി, മെയ്, ഓഗസ്റ്റ്, നവംബർ
മരുന്ന് സ്ട്രിപ്പുകൾ	ജനവരി, മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ.

തയ്യാറാക്കിയ കലണ്ടർ പ്രകാരം മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേഖരണം സംബന്ധിച്ച് വാർഡുതല വാട്സ്ആപ്പ് ഗ്രൂപ്പുകൾ മുഖേന ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ മാലിന്യം വേർതിരിച്ചല്ല ശേഖരിക്കുന്നത്. മാലിന്യം പൂർണ്ണമായി വേർതിരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. നഗരസഭയിൽ മിനി എംസിഎഫുകൾ സ്ഥാപിച്ചിട്ടില്ല. 25-ാം വാർഡിൽ കുര്യൻമലക്ക് സമീപമാണ് എംസിഎഫ്, ആർആർഎഫ് എന്നിവ സ്ഥാപിച്ചിരിക്കുന്നത്.

റീസൈക്ലിംഗ്

ഹരിതകർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതൊഴിച്ചാൽ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികളൊന്നും നിലവിൽ സ്വീകരിച്ച് വരുന്നില്ല.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

സി ഡി എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹79,48,348/- വരവ് വന്നിട്ടുണ്ട്. ഹരിതസഹായ സ്ഥാപനമായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് ആണ് നഗരസഭയിലെ 26 ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനം നൽകുന്നത്. ശരാശരി ₹12,500.00 പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നുണ്ട്.

അടിസ്ഥാന സൗകര്യവികസനം

മാലിന്യം വീടുകളിൽ നിന്ന് നീക്കം ചെയ്യുന്നതിന് നഗരസഭ ഒരു ട്രാക്ടർ സർവീസ് പ്രൊവൈഡർക്ക് വിട്ടുനൽകിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഓഫീസ് സൗകര്യം ഇല്ല. എംസിഎഫിൽ റിബ്ബോസ് കംപ്രസിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. കൺവെയർ ബെൽറ്റ്, ബെയ്ലിംഗ് മെഷീൻ, പൾമോണൈസർ, സ്വീവർ മെഷീൻ എന്നിവ എം.സി.എഫിൽ സ്ഥാപിച്ചിട്ടുണ്ട്. വീടുകളിൽ ബയോ ബിന്നുകൾ വിതരണം ചെയ്തു വരുന്നു.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ കേസുകളിലായി ₹7,68,069.00 പിഴയിനത്തിലും, ഔട്ട്ലറ്റ് ക്ളോസിംഗ് വഴി ₹39,706/- ഈടാക്കുകയും ചെയ്തിട്ടുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അതോറിറ്റി വഴി പരിശീലനം നൽകിയിട്ടുണ്ട്. പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനവും നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നത് സർവീസ് പ്രൊവൈഡറായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സാണ്.

നേട്ടങ്ങൾ/പുരസ്കാരങ്ങൾ

മൂവാറ്റുപുഴ നഗരസഭയുടെ ഹരിതകർമ്മസേനക്ക് ഹരിതകേരള മിഷൻ എ ഗ്രേഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

അടിസ്ഥാന വിവരങ്ങൾ

മുനിസിപ്പാലിറ്റിയിൽ നിലവിൽ 3500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു എം.സി.എഫ് ആണ് പ്രവർത്തിക്കുന്നത്. അതിനോടനുബന്ധിച്ച് വിശാലമായ ഡംപിംഗ് യാർഡ് കൂടിയുണ്ട്. ബെയ്ലിംഗ് യൂണിറ്റ് സർവീസ് പ്രൊവൈഡർക്ക് വിട്ട് നൽകിയിട്ടുണ്ട്. ഡംപിംഗ് യാർഡിന്റെയും, എം.സി.എഫിന്റെയും ചിത്രങ്ങൾ താഴെ ചേർക്കുന്നു.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന എം സി എഫിന് 3500 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി 7 ദിവസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, റെയ്ൻ കോട്ട് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. എം സി എഫ്-ൽ സെഗ്രഗേഷൻ ടേബിൾ ഉണ്ട്. എം.സി.എഫിന് ഗ്രീൻ ബെൽറ്റ് സംവിധാനമുണ്ട്. എം സി എഫിന് ചുറ്റുമതിൽ സ്ഥാപിച്ചിട്ടുണ്ട്.

5. ശുചിത്വമാനദണ്ഡങ്ങൾ

എംസിഎഫ് ദിവസേന കീടനാശിനി സ്പ്രേ ചെയ്ത് ശുചിയാക്കുന്നുണ്ട്. എന്നാൽ, സർവീസ് പ്രൊവൈഡർ യഥാസമയം മാലിന്യം നീക്കം ചെയ്യാത്തതിനാൽ ശുചിത്വപ്രശ്നങ്ങൾ സംജാതമാകുന്നുണ്ട്.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ.

സർവീസ് പ്രൊവൈഡർ ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ അലംഭാവം കാണിക്കുകയും പ്ലാസ്റ്റിക്ക് വേസ്റ്റ് അലക്ഷ്യമായി കൂട്ടിയിട്ട് തീപിടിക്കുന്നതുൾപ്പെടെയുള്ള അപകടാവസ്ഥ ഉണ്ടാക്കുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ശാശ്വതവും കുറ്റമറ്റതുമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നിർദ്ദേശിച്ച് 27.02.2024 ലും 16.04.2024 ലും PH2/16732/21 നമ്പർ പ്രകാരവും 07.08.2024 ലെ 1628398-2024 നമ്പർ പ്രകാരവുമുള്ള നോട്ടീസുകൾ കരാറുകാരന് നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

1, ഖരമാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നഗരസഭയുമായി ഉണ്ടാക്കിയ കരാറിൽ ഹരിതസഹായ സ്ഥാപനമായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് തുടർച്ചയായി വീഴ്ച്ച വരുത്തിയിട്ടുള്ളതിനാൽ സ്ഥാപനത്തിനെതിരെ നടപടി എടുക്കേണ്ടതും, നഗരസഭ കൺസോർഷ്യം നേരിട്ട് കൈകാര്യം ചെയ്യുന്ന വിധത്തിൽ ഹരിതകർമ്മസേന പ്രവർത്തനങ്ങൾ പുനരേകോപിപ്പിക്കേണ്ടതുമാണ്.

2, എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിന് ബോധവത്ക്കരണ പരിപാടികൾ സ്കൂൾതലം മുതൽ നടത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3, പാതയോരങ്ങളും പൊതു ഇടങ്ങളും മാലിന്യരഹിതമായി സൂക്ഷിക്കുന്നതിന് പൊതുജനാവബോധം വളർത്തുന്നതിനായി ബോട്ടിൽ ബൂത്ത്, ബിന്നുകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്.

4, പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം തുണികൊണ്ടുള്ള ക്യാരിബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

1-11 ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് - ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനം- അപാകതകൾ

മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2022 ഏപ്രിൽ 7-ാം തീയതി ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ്, തിരുവല്ല എന്ന സ്ഥാപനത്തിന്റെ സി.ഇ.ഒ. ശ്രീ. ക്രിസ്റ്റഫർ എം. എന്ന വ്യക്തിയുമായി മുനിസിപ്പാലിറ്റി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിന്റെ കാലാവധി 4 വർഷമാണ്. ഇത് പ്രകാരം നഗരസഭാ പരിധിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ വാഹനം, തൊഴിലാളികൾ എന്നിവ ഏർപ്പെടുത്തി സമയബന്ധിതമായി ശേഖരിച്ച് തരംതിരിച്ച് സംസ്കരണം നടത്തുന്നതിന് കരാറുകാരനെ ബാദ്ധ്യതപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി നഗരസഭയുടെ തുമ്പൂർമുഴി യൂണിറ്റുകളും പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റും, ബെയിലിങ്ങ് യൂണിറ്റും RRF യൂണിറ്റും കരാറുകാരന് ഉപയോഗിക്കാമെങ്കിലും വൈദ്യുതി ചാർജ്ജ്, വെള്ളക്കരം മുതലായവ കരാറുകാരൻ തന്നെ അടവാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ ഹരിത കർമ്മസേനയുടെ പൂർണ്ണമായ ഉത്തരവാദിത്തം കരാർ സ്ഥാപനത്തിന് നൽകിയിട്ടുള്ളതും സേനാംഗങ്ങളുടെ സേവനവേതന വ്യവസ്ഥകൾ, മിനിമം വേതനം, ആരോഗ്യസുരക്ഷ എന്നിവ ഉറപ്പാക്കി ക്രമീകരിക്കേണ്ട ചുമതലയും കരാർ സ്ഥാപനത്തിനുള്ളതാണ്.

എന്നാൽ കരാർ സ്ഥാപനം ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ അലംഭാവം കാണിക്കുകയും പ്ലാസ്റ്റിക്ക് വേസ്റ്റ് അലക്ഷ്യമായി കൂട്ടിയിട്ട് തീപിടിക്കുന്നതുൾപ്പെടെയുള്ള അപകടാവസ്ഥ ഉണ്ടാക്കുകയും ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ ശാശ്വതവും കുറ്റമറ്റതുമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും നിർദ്ദേശിച്ച് 27.02.2024 ലും 16.04.2024 ലും PH2/16732/21 നമ്പർ പ്രകാരവും 07.08.2024 ലെ 1628398-2024 നമ്പർ പ്രകാരവുമുള്ള നോട്ടീസുകൾ കരാറുകാരന് നൽകിയിട്ടുണ്ട്. ഈ നോട്ടീസുകൾക്ക് കരാറുകാരൻ യാതൊരു വിലയും കൽപ്പിച്ചിട്ടില്ലെന്നും, കര്യൻമല ഡംപിങ്ങ് യാർഡിൽ മാലിന്യസംസ്കരണം ശരിയായ രീതിയിൽ നടക്കുന്നില്ലെന്നും ആരോപിച്ച് ജനകീയ സമിതി 26.10.2024 ൽ പ്രതിഷേധ മാർച്ച് നടത്തുകയും 10.11.2024 മുതൽ പ്രതിഷേധ സമരത്തിൽ ഏർപ്പെടുകയും ചെയ്തു എന്നതിൽ നിന്നും വ്യക്തമാകുന്നു. ഇതേ തുടർന്ന് മൂവാറ്റുപുഴ ആർ.ഡി.ഒ. യുടെ സാന്നിദ്ധ്യത്തിൽ നഗരസഭാ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാലിന്യങ്ങൾ ഒരു മാസത്തിനകം നീക്കം ചെയ്തു കൊള്ളാമെന്ന് കരാർ സ്ഥാപനത്തിന്റെ സി.ഇ.ഒ. സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കാലാവധിക്കകത്തും മാലിന്യങ്ങൾ നീക്കം ചെയ്യാത്തതിനാൽ ഈ വിവരം എറണാകുളം ജില്ലാ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ രേഖാമൂലം (നം. 231624-2024) നഗരസഭ അറിയിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിലെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശരിയായ വിധത്തിൽ നടത്തപ്പെടുന്നില്ല എന്ന് കാണുന്നു. ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് എന്ന സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ 14 -ാം വ്യവസ്ഥ പ്രകാരം കരാർ വ്യവസ്ഥാ ലംഘനം നടന്നതായി ബോദ്ധ്യപ്പെട്ടാൽ നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി കരാർ റദ്ദുചെയ്യാവുന്നതാണ്. ഇവിടെ നിരന്തരം കരാർ ലംഘനം നടത്തപ്പെടുകയും ആയത് ബോദ്ധ്യപ്പെട്ട് കരാറുകാരന് നിരവധി നോട്ടീസുകൾ നൽകിയിട്ടും കരാർ റദ്ദാക്കാൻ നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.

2. കരാർ റദ്ദാക്കാമെന്നല്ലാതെ, വ്യവസ്ഥാ ലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. നഗരസഭയുടെ RRF സെന്ററും അനുബന്ധ സൗകര്യങ്ങളും ഉപയോഗിക്കുന്നതിന് കരാറുകാരൻ പ്രതിവർഷം തുക നൽകണമെന്നും കരാറിന്റെ സെക്യൂരിറ്റിയിനത്തിൽ തുക നൽകേണ്ടതാണെന്നും കരാർ വ്യവസ്ഥ 12 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് കരാറിന്റെ നിറവേറ്റലിന് സെക്രട്ടറി മതിയായ ജാമ്യം സ്വീകരിക്കേണ്ടതാണ് എന്ന നിയമത്തിന്റെ (കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 221) ലംഘനമായി കാണുന്നു. ആയതിനാൽ കരാർ ലംഘനത്തിലൂടെ നഗരസഭയ്ക്ക് ഉണ്ടാകുന്ന നഷ്ടത്തിന്റെ ഉത്തരവാദിത്തം നഗരസഭയ്ക്ക് വേണ്ടി കരാറിൽ ഏർപ്പെട്ട സെക്രട്ടറിക്കായിരിക്കും.

4. നഗരസഭയുടെ RRF ഫെസിലിറ്റിയും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉപയോഗിക്കുമ്പോൾ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം മുതലായവ കരാറുകാരൻ അടക്കേണ്ടതും ഫീസ് ഒടുക്ക് രസീതുകൾ യഥാസമയം നഗരസഭയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്ന് വ്യവസ്ഥയുണ്ട്. കരാർ കാലയളവിൽ കരാറുകാരൻ അടവാക്കിയ ഈ തുകകളുടെ വിവരം ലഭ്യമല്ല. കരാർ കാലയളവിലെ ഈ ബാദ്ധ്യത തുകകൾ പൂർണ്ണമായും കരാറുകാരൻ അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5. ഹരിതകർമ്മ സേനയുടെ വരവ് ചെലവ് കണക്കുകൾ യഥാസമയം രേഖപ്പെടുത്തി ആവശ്യപ്പെടുന്ന മുറയ്ക്ക് നഗരസഭാ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതുണ്ട്. എന്നാൽ കരാറിന്റെ മൂന്ന് വർഷം പൂർത്തിയായപ്പോഴും ഇത്തരത്തിലുള്ള കണക്കുകൾ സെക്രട്ടറി ആവശ്യപ്പെട്ടതായോ പരിശോധിച്ചിട്ടുള്ളതായോ കാണുന്നില്ല.

6. നഗരസഭാ കൗൺസിലിന്റെ 28.10.2022 ലെ 28-ാം നമ്പർ തീരുമാന പ്രകാരം അജൈവ/ ജൈവ മാലിന്യ ശേഖരണത്തിനായുള്ള യൂസർ ഫീസ് നിരക്കുകൾ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഇത് ഹരിത സഹായ ഏജൻസിയുമായുള്ള

കരാറിന്റെ ഭാഗമാക്കിയതായി കാണുന്നില്ല. ഏജൻസി ജനങ്ങളിൽ നിന്നും പിരിക്കുന്ന യൂസർഫീസ് നിരക്ക് നഗരസഭ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

7. ഹരിത സഹായ ഏജൻസിയായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ്, തിരുവല്ല എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ്, കരട് കരാറിന്മേൽ ലീഗൽ ഒപ്പീനിയൻ നേടിയതായി കാണുന്നില്ല. നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പൂർണ്ണമായിത്തന്നെ ഒരു സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കുന്ന അത്യന്തം ഗൗരവതരമായ ഒരു കരാറിലെ വ്യവസ്ഥകൾ ശുഷ്കവും പൂർണ്ണതയുമില്ലാത്ത ഒന്നായിപ്പോയി എന്നത് കരാറുകാരനെ കരാർ ലംഘനത്തിന് ധൈര്യപ്പെടുത്തുന്നതാണ്.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/3.2.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർച്ചയായി കരാർ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ നടപടി എടുക്കേണ്ടതും വിശദമായ അന്വേഷണം നടത്തി, നഗരസഭയ്ക്ക് ഏതെങ്കിലും തരത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും നഷ്ടം ഉള്ള പക്ഷം കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കുകയും ചെയ്യേണ്ടതാണ്.

1-12 നഗരസഭാ കെട്ടിടങ്ങളുടെ വാടക വർദ്ധനവ് - തുടർനടപടികൾ അപര്യാപ്തം - വരവിൽ ആവർത്തന നഷ്ടം സംഭവിക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ മുറികളുടെ വാടക വർദ്ധിപ്പിച്ചതിനെതിരെ ലൈസൻസികൾ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ഹർജ്ജിക്കാരുടെ തടസ്സവാദങ്ങൾ കേട്ട് ഒരുമാസത്തിനകം നഗരസഭ ഉചിതമായ തീരുമാനം എടുക്കുവാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ തുടർന്ന് കൗൺസിൽ നിശ്ചയിച്ച പുതിയ നിരക്കിലുള്ള വാടക, സർക്കാർ കെട്ടിടങ്ങൾക്ക് ലഭിക്കാവുന്ന വാടക എത്രയെന്നതിന് അടിസ്ഥാനമാക്കി നഗരസഭാ കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ പ്രാദേശികമായി ദേശീയ, സംസ്ഥാന, മുനിസിപ്പൽ പാതയോരങ്ങൾ ഉൾപ്പെടെയുള്ളവ അടിസ്ഥാനമാക്കിയ നിരക്ക്, ആയതിന്മേലുള്ള ഫെയർ വാല്യൂ നിരക്ക്, പൊതുവിപണിയിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോഴുള്ള വാടക നിരക്ക് എന്നിവ അടിസ്ഥാനമാക്കി ചാർട്ടേഡ് എഞ്ചിനീയറും അപ്രൂവ്ഡ് വാല്യുവറുമായ ശ്രീ.കെ.എസ്. ബാബു തയ്യാറാക്കിയ റിപ്പോർട്ട് കൗൺസിൽ പരിഗണിക്കുകയും ഫെയർവാല്യു അടിസ്ഥാനമാക്കിയുള്ള വാടക വർദ്ധനവ് അംഗീകരിച്ച് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

തീരുമാനം നമ്പർ	കെട്ടിടം	ലൈസൻസികളുടെ പേര്	കേസ് നം.
3/30.11.2023	സ്റ്റേഡിയം കോംപ്ലക്സ്	ശ്രീ.എം.കെ.മീരാൻ മുതൽ പേർ (16 ലൈസൻസികൾ)	WP(C) 1965/23/ 2.2.23
4/30.11.2023	പ്രസ് ക്ലബ്ബ് കോംപ്ലക്സ്	ശ്രീമതി.സുഹറ ഷെറിഫ് മുതൽ പേർ (5 ലൈസൻസികൾ)	WP(C) 1804/23/ 2.2.23
5/30.11.2023	പേവാർഡ് കോംപ്ലക്സ്	ശ്രീ.ആഷിക് എ., ശ്രീ.ഷാമിൽ എം.	WP(C) 10035/23/ 22.3.23
6/30.11.2023	കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനു സമീപത്തുള്ള കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലെ 18/232A	ശ്രീ.സന്തോഷ്കുമാർ എസ്.	WP(C) 1314/23/ 2.2.23
7/30.11.2023	പാലം കോംപ്ലക്സ്	ശ്രീ.എം.എൻ. സതീശ്.	WP(C) 33559/22/ 7.2.23
8/30.11.2023	പേവാർഡ് കോംപ്ലക്സ്	ശ്രീ.ഷാജി തോമസ് മുതൽ പേർ (15 ലൈസൻസികൾ)	WP(C) 42411/22/ 7.2.23
9/30.11.2023	പേവാർഡ് കോംപ്ലക്സ്	ശ്രീ.ഹർഷൽ ഇബ്രാഹിം മുതൽ പേർ (21 ലൈസൻസികൾ)	WP(C) 507/23/ 7.2.23
10/30.11.2023	ലൈബ്രറി കോംപ്ലക്സ്	ശ്രീമതി.സിന്ധു അജി മുതൽ പേർ (11 ലൈസൻസികൾ)	WP(C) 2898/23/ 7.2.23
11/30.11.2023	ബസ് സ്റ്റാന്റ് കോംപ്ലക്സ്	ശ്രീ.അലിക്കുഞ്ഞ് മുതൽ പേർ (15 ലൈസൻസികൾ)	WP(C) 1372/23/ 2.2.23

നഗരസഭാ കൗൺസിലിന്റെ ടി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലൈസൻസികൾ നഗരസഭയുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/29.01.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫെയർ വാല്യൂ നിരക്കിനെ അടിസ്ഥാനമാക്കി വാടക പുതുക്കി നിശ്ചയിച്ച് ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവും പുതുക്കിയ നിരക്കിലുള്ള വാടക ഒടുക്കി നഗരസഭയുമായി കരാറിലേർപ്പെടുന്നതിന് നിർദ്ദേശിച്ചു കൊണ്ടുള്ള നോട്ടീസ്

20-02-2024 തീയതിയിൽ ലൈസൻസികൾക്ക് നൽകിയിട്ടുണ്ട് എന്ന് മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ബസ് സ്റ്റാന്റ് കോംപ്ലക്സിലെ ലൈസൻസികൾ പുതിയ നിരക്കിലുള്ള വാടക അംഗീകരിച്ച് കരാർ വച്ചിട്ടുണ്ടെന്നും സ്റ്റേഡിയം കോംപ്ലക്സിലെ 16 ലൈസൻസികളും വാടക വർദ്ധനവിനെതിരെ ബഹു ഹൈക്കോടതി മുമ്പാകെ കേസ് (WPC 31245 0f 2024) ഫയൽ ചെയ്തതിൽ മുൻകാല പ്രാബല്യത്തിൽ വാടക വർദ്ധിപ്പിച്ചത് സ്റ്റേ ചെയ്യും 2024 സെപ്റ്റംബർ മുതൽ വർദ്ധിപ്പിച്ച വാടക അടക്കുന്നതിന് നിർദ്ദേശം നൽകുകയും 15 കക്ഷികൾ പുതിയ നിരക്കിൽ വാടക ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ലൈസൻസികൾ വാടക പുനർ നിർണ്ണയം അശാസ്ത്രീയമാണെന്നും അപാകതകൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് ആക്ഷേപം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിലും ലൈസൻസികൾ ബഹു ഹൈക്കോടതിയെ സമീപിച്ചിട്ടുള്ള സാഹചര്യത്തിലും വാടക വർദ്ധനവ് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കുന്നതിനായി വിഷയം കൗൺസിൽ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വാടക വർദ്ധനവ് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിലുള്ള കാലതാമസം കാരണം നഗരസഭയ്ക്ക് വാടകയിനത്തിൽ വലിയ തുക ആവർത്തന നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് സംബന്ധിച്ചുള്ള തീരുമാനം അടിയന്തിരമായി കൈക്കൊണ്ട് വിഷയം തീർപ്പാക്കേണ്ടതാണ്. കൂടാതെ നഗരസഭയുടെ വാടകക്കയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ ഫീൽഡിൽ പരിശോധന നടത്തി വാടകക്കാർ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും കെട്ടിട മുറികൾ കീഴ് വാടകയ്ക്ക് നൽകിയിട്ടില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യം നഗരസഭാ കൗൺസിലിന്റെയും ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

1-13 ഇ ടെണ്ടർ തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് കൈമാറിയില്ല. പലിശ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടമായി.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയരുടെ 17-08-2017 ലെ സർക്കുലർ നം.ഡി.ബി./7942/2010/സി.ഇ./ത.സ്വ.ഭ.വ പ്രകാരം ഇ-ടെണ്ടർ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വകുപ്പ് മേധാവികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് 2017 ആഗസ്റ്റ് 31 നകം ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. മൂവാറ്റുപുഴ നഗരസഭയിൽ അക്കൗണ്ട് നം. 67250976590 പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മൂവാറ്റുപുഴ കച്ചേരിത്താഴം ശാഖയിൽ കറന്റ് അക്കൗണ്ട് പരിപാലിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിൽ 31.01.2025 ൽ ആകെ 508901/- രൂപ നീക്കിയിരിപ്പ് ഉണ്ട്. 27.05-2022 ന് ശേഷം നാളിതുവരെയായി തുകകൾ ഒന്നും തന്നെ നഗരസഭയുടെ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. നഗരസഭയിൽ ഇ-ടെണ്ടർ മുഖാന്തിരം ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/27-01-2025 ന് ലഭ്യമാക്കിയ മറുപടിയിൽ ചെക്ക് ബുക്ക് അനുവദിക്കുന്നതിനായി ബാങ്കിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയത് ലഭ്യമാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക കൈമാറി ആയതിന്റെ വിവരങ്ങൾ അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് നഗരസഭയ്ക്കുള്ള ഫണ്ട് ആണ്. 27.05.2022 മുതലുള്ള തുകകൾ ഇപ്രകാരം നഗരസഭയ്ക്ക് കൈമാറാതെ പലിശ രഹിത അക്കൗണ്ടായ കറന്റ് അക്കൗണ്ടിൽ തന്നെ സൂക്ഷിച്ചത് കാരണം പലിശ ഇനത്തിൽ ലഭിക്കേണ്ട തുക നഷ്ടമായിട്ടുണ്ട്. ആയതിനാൽ ഇത്തരം അപാകതകൾ മേലിൽ സംഭവിക്കാതെ ജാഗ്രത പുലർത്തേണ്ടതാണ്.

1-14 വസ്തുനികുതി നിർണ്ണയിച്ചിടാക്കിയിതിൽ കുറവ് - വരവ് നഷ്ടം

നഗരസഭയിലെ 10-ാം വാർഡിൽ സ്ഥിതിചെയ്യുന്നതും തൻ വർഷം രണ്ട് കെട്ടിട നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിട്ടുള്ളതുമായ ശ്രീ.അലിക്കുഞ്ഞ്, ചെറുകപ്പിള്ളിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ബഹുനില കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ പിഴവ് സംഭവിച്ചിട്ടുള്ളതാണ്. 1124.01 ച.മീ. വിസ്തീർണ്ണത്തിലുള്ള കെട്ടിട ഭാഗത്തിന് 145/G, എന്നും 1325.01 ച.മീ.വിസ്തീർണ്ണത്തിലുള്ള കെട്ടിട ഭാഗത്തിന് 145 / H എന്നീ നമ്പറുകൾ നൽകി വസ്തു നികുതി 2023 ലെ പുതുക്കിയ നിരക്കായ 150/-രൂപയ്ക്ക് പകരം 2013 ലെ പഴയ നിരക്കായ 130/-രൂപ നിരക്കിൽ ഉൾപ്പെടുത്തി വാർഷിക വസ്തുനികുതി നിർണ്ണയം നടത്തിയതിനാൽ ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ ആകെ ₹87,867/-(33,737+54130) കുറവ് വന്നിട്ടുള്ളതാണ്. വിശദ വിവരം ഖണ്ഡിക 2-1 ൽ ചേർക്കുന്നു.

1-15 IFTEOS ലൈസൻസ് – അപാകതകൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭയിൽ ലൈസൻസ് ഫീസ് തുകകൾ കുടിശ്ശികയായി നിലനിൽക്കുന്നു.

വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ള ലൈസൻസ് ഫീസ് ഇനത്തിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രിക

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഡിമാന്റ്			കളക്ഷൻ			ബാലൻസ്		
മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ	മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ	മുൻവർഷ കുടിശ്ശിക	തൻവർഷം	ആകെ
246975	3356925	3603900	25125	3331425	3356550	221850	25500	247350

മേൽ പട്ടികയിലെ വിവരങ്ങൾ പ്രകാരം മുൻവർഷങ്ങളിലേയും തൻവർഷത്തേയും കുടിശ്ശിക തുകകൾ ക്രമാതീതമായി വർദ്ധിച്ച് വരുന്നു. മുൻവർഷ കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ, തൻവർഷം ലഭ്യമായ മുൻവർഷ കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ, തൻവർഷം കുടിശ്ശികയായ തുക സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കുടിശ്ശിക തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. കേരള മുനിസിപ്പാലിറ്റി IFTEOS ലൈസൻസ് നിയമ പ്രകാരം മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷാരംഭത്തിന് മുൻപ് ലൈസൻസ് പുതുക്കേണ്ടതാണ്. അത്തരത്തിൽ ലൈസൻസ് പുതുക്കുന്ന പക്ഷം ലഭ്യമാകുന്ന തുക മുൻ വർഷത്തിൽ ലൈസൻസ് ഫീസിനത്തിലെ അഡ്വാൻസ് തുകയായി വാർഷിക ധനകാര്യപത്രികയിലെ ബി 9 ഷെഡ്യൂളിലാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ലഭ്യമായ വാർഷികധനകാര്യപത്രികയിലും ആയതിനോട് ചേർത്ത് സമർപ്പിച്ചിട്ടുള്ള ലൈസൻസ് ഫീസ് ഇനത്തിന്റെ ഡി.സി.ബി തുക വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. മുൻകൂറായി ലഭ്യമാകുന്ന ഇത്തരം ഫീസ് തുകകളിൽ കുടിശ്ശിക വരുന്നതിന്റെ അടിസ്ഥാനം വ്യക്തമല്ല. തൻവർഷം കുടിശ്ശികയായി ₹247350/- നിലനിൽക്കുന്നതിനാലും മുൻവർഷങ്ങളിലും കുടിശ്ശിക വന്നിട്ടുള്ളതിനാലും നഗരസഭാ പരിധിയിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. നാളിതുവരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഒരു നടപടികളും സ്വീകരിച്ചതായി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം/വിവരം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (46/04.02.2025) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ(സ്ഥാപനങ്ങളുടെ പേര്, ഡിമാന്റ് ചെയ്ത തുക, വർഷം ഉൾപ്പെടെ) പരിശോധിച്ച് കുടിശ്ശിക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. <u>വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.</u>

മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്നതിന് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ ഡി.സി.ബി. വിവരങ്ങൾ രജിസ്റ്ററിൽ എഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. <u>ലൈസൻസ് അപേക്ഷകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല.</u>

വാർഷിക ധനകാര്യ പത്രികയിൽ ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷ ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത് ₹33,57,425/- യും, ലൈസൻസ് ഫീസ് ഇനത്തിലെ ഡിസിബി പത്രികയിൽ ₹33,56,925/- യുമാണ്. കൂടാതെ തൻവർഷത്തെ കളക്ഷനായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് ആകെ ₹33,31,925/- (29,00,425(2022-23 ബി 9 ഷെഡ്യൂൾ)+4,31,500 (2023-24 ആർ പി 37 ഷെഡ്യൂൾ)) യും ലൈസൻസ് ഫീസ് ഇനത്തിലെ ഡിസിബി പത്രികയിൽ ₹33,31,425/- യുമാണ്. 28 വാർഡുകളിലായി നിലകൊള്ളുന്ന സ്ഥാപനങ്ങൾക്ക് നിശ്ചയിച്ച ലൈസൻസ് ഫീസ് നിരക്കുകളുടെയും തുക ഈടാക്കിയതിന്റെയും കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന് ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ നിന്നും സാധിക്കാത്തതിനാൽ ലൈസൻസ് അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ മുനിസിപ്പാലിറ്റി ഹെൽത്ത് വിഭാഗം ജീവനക്കാർ അറിയിച്ചത് 2023-24 വർഷം ലൈസൻസ് നൽകിയിട്ടുള്ളത് ഓൺലൈൻ സംവിധാനം മുഖാന്തിരമാണെന്നും, ആയതിനാൽ അപേക്ഷകളോ രേഖകളോ ഒന്നും മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടില്ല എന്നുമാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റ് ലോഗിനോ, മറ്റ് സാങ്കേതിക സംവിധാനങ്ങളോ നിലവിൽ ഇല്ലാത്തതിനാൽ അപേക്ഷകളുടെയും മൂലധന നിക്ഷേപം സംബന്ധിക്കുന്ന രേഖകളും, ഫീസ് വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടിയോ രേഖകളോ ഓഡിറ്റർ ലോഗിനോ ലഭ്യമാക്കിയില്ല. ആയതിനാൽ ലൈസൻസ് ഇനത്തിൽ ലഭ്യമായ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ആയത് പരിശോധിച്ച് വരവ് നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

4. <u>ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.</u>

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തീയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ

വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഹരിത മിത്രം ആപ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ എണ്ണത്തെക്കാൾ കുറവാണ് ക്യൂആർ കോഡ് പതിപ്പിച്ച് മലിന്യം ശേഖരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ലൈസൻസ് അപേക്ഷകൾ, അനുബന്ധ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനാൽ ലൈസൻസ് അനുവദിക്കുമ്പോൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

5. ഭക്ഷ്യ സുരക്ഷ പരിശോധന കാര്യക്ഷമമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവട സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി 02.05.2022 ലെ ഡബ്ല്യൂ എം1/262/2022-തസ്വഭവ നമ്പർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതിൻപ്രകാരം ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് പരിശോധന നടത്തേണ്ടതാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ബേക്കറി കടകൾ, ഫ്രൂട്ട്സ് കടകൾ എന്നിവയിൽ നടത്തിയ പരിശോധന വിവരങ്ങൾ ലഭ്യമല്ലാത്തതിനാലും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നിലവിലെ അവസ്ഥ സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാലും ആയതുമായി ബന്ധപ്പെട്ട് പരിശോധന വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(46/06.02.2025) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതും അനധികൃതമായി പ്രവർത്തിച്ചുവരുന്നതുമായ ഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടതും അനധികൃതമായി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും നഗരസഭ പരിധിയിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി രജിസ്റ്റർ കാലികമല്ല.

തൊഴിൽ നികുതി റിട്ടേണുകളിലെ വിവരങ്ങൾ, തുക അടവാക്കിയതിന്റ രസീത് വിവരങ്ങൾ, അർദ്ധവാർഷിക വരുമാനത്തിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ കാലികമല്ല. കൂടാതെ ഡി.സി.ബി രേഖപ്പെടുത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. വാർഷിക ധനകാര്യ പത്രികയോടൊപ്പം ചേർത്തിട്ടുള്ള തൊഴിൽ നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റുകളുടെ തുക വിവരങ്ങൾ വാർഷിക ധനകാര്യപത്രിക വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി റിട്ടേണുകളിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(41/04.02.2025) ലഭ്യമായ മറുപടിയിൽ രജിസ്റ്റർ വിവരങ്ങൾ കാലികമാക്കി തുകവിവരങ്ങൾ കൃത്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

2. തൊഴിൽ നികുതി - വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി നഗരസഭ സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ലാത്തതിനാൽ നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്.

3. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും 1250 രൂപ അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിന്

വിശദീകരണം/ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(41/04.02.2025) ലഭ്യമായ മറുപടിയിൽ പ്രസ്തുത വിഭാഗക്കാർക്ക് ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകിയിട്ടുള്ളതാണെന്നും എന്നാൽ അഭിഭാഷകരിൽ ഭൂരിഭാഗവും അടക്കാൻ തയ്യാറല്ല എന്നും ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിലുള്ള തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാ, സ്ഥാപന വിവരങ്ങൾ, ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ, ബഹു.ഹൈക്കോടതിയിൽ നിന്നും നികുതി അടയ്ക്കണ്ട എന്ന ഉത്തരവ് ലഭിച്ചതിന്റെ വിവരങ്ങൾ മുതലായവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ച് രേഖാമൂലം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

എ. കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3.2.10 പ്രകാരം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2023-24 സാമ്പത്തികവർഷം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ വിവരങ്ങൾ(എഗ്രിമെന്റ് രജിസ്റ്റർ, വർക്ക് ഫയൽ വിവരങ്ങൾ) പരിശോധിച്ചതിൽ 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടുള്ള കരാറുകാരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കരാറുകാരുടെ പേര്
1	നൗഷാദ് എം.ഐ.
2	സബീഷ് പി. എം.
3	ബിജു ബി. എൻ.
4	അഭിലാഷ് കെ.എസ്.
5	സിദ്ദീക്ക് അഷറഫ്
6	ഷമീർ എൻ കെ
7	മുഹമ്മദ് റിയാസ്
8	സിറാജ് എൻ. ഇ
9	വിനോദ് കുമാർ ടി.പി.
10	ഇസ്മായിൽ കെ.കെ
11	മുഹമ്മദ് ആഷിക്ക്
12	എൻ എ സുബൈർ
13	അൻസാർ മുണ്ടാട്ട്
14	ലിയ കെ ഏലിയാസ്
15	പി.ബി.സൈനുദ്ധീൻ
16	അലി പി.പി.
17	കെ.കെ ഇസ്മായിൽ

മേൽ പട്ടികയിൽ വിവരിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(41/04.02.2025) ആയത് സംബന്ധിച്ച് പരിശോധിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും, അടവാക്കിയിട്ടില്ല എങ്കിൽ ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടവാക്കി വിവരവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ബി. ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ, റേഷൻ കടയുടമകൾ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ വരുന്ന സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ, റേഷൻ കട ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(41/04.02.2025), പ്രസ്തുത വിഭാഗക്കാർക്ക് ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നോട്ടീസ് നൽകിയതിന്റെ രേഖകളോ പ്രസ്തുത വിഭാഗക്കാരുടെ ഡാറ്റയോ ഹാജരാക്കിയിട്ടില്ല. വാർഡ് തലത്തിൽ പരിശോധന നടത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-17 അനധികൃത കെട്ടിടങ്ങളിലെ നികുതി വരവ്- അപാകതകൾ

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 242 പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട

കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകേണ്ടതാണ്.

നഗരസഭയിലെ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ യു.എ രജിസ്റ്റർ (ക്രമ നമ്പർ 4) പ്രകാരം വാർഡ് നം. XXVI ൽ മാനേജർ, വിമലഗിരി നാഷ്ണൽ സ്കൂൾ, എന്ന ഉടമസ്ഥതയിലുള്ള സി.ബി.എസ്.സി. സ്കൂൾ പ്രവർത്തിക്കുന്ന 4 നിലകളിലുള്ള അനധികൃത കെട്ടിടത്തിന് 386 UA എന്ന നമ്പർ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. 3712.44 ച.മീ. വിസ്തീർണ്ണത്തിലുള്ള പ്രസ്തുത കെട്ടിടത്തിന് ₹15/- നിരക്കിൽ വസ്തുനികുതി (ലൈബ്രറി സെസ്, ജി.എസ്.റ്റി ഉൾപ്പടെ) ₹1,92,123/- (167061 (55687x3) +8355(2785x3)+16707(5569x3)) യാണ് ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ളതെന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നു മുതലാണ് യു.എ. നമ്പർ നൽകിയതെന്നോ, നികുതി നിർണ്ണയം നടത്തിയതെന്നോ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സഞ്ചയ, കെ-സ്മാർട്ട് എന്നീ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടത്തിന് യു.എ. നമ്പർ നൽകുകയോ, സോഫ്റ്റ്‌വെയർ പ്രകാരം ഡിമാന്റ് ചെയ്ത് നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദീകരണം/വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (21/29.01.2025) ലഭ്യമായ മറുപടിയിൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതിയായി 20.03.2021 ൽ 120010-500365 രസീത് നമ്പർ പ്രകാരം ₹10,00,000/- മുൻകൂർ അടവാക്കിയതായി വിശദീകരിക്കുന്നു. എന്നാൽ വസ്തുനികുതി നിർണ്ണയ ഫയലുകളോ, അനുബന്ധ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മറുപടിയിൽ വിവരിച്ച രസീത് വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

കോഡ്	ഹെഡ് ഓഫ് അക്കൗണ്ട്	ചെക്ക് നം./തീയതി	വാർഡ് നം./കെട്ടിടത്തിന്റെ നമ്പർ/ ഉടമസ്ഥന്റെ പേര്	വർഷം	കുടിശ്ശിക	തൻവർഷം	റിമാർക്സ്
350200125	ഓഡിറ്റ് റിക്കവറി	198021/ 15.03.2021	XXVI /386 UA/ മാനേജർ, വിമലഗിരി നാഷണൽ സ്കൂൾ	2018-19	1,67,061		26/386 യുഎ 2018-19 ലോക്കൽ ഫണ്ട് ഓഡിറ്റ് പാരാ 1-34/ പാർടൈം പേയ്മെന്റ്
431100100	വസ്തു നികുതി			2020-21		8,32,939	2020-21 വർഷത്തേ വസ്തു നികുതി

മേൽ പട്ടികയിലെ വിവരപ്രകാരം 2020-21 വർഷം വസ്തുനികുതിയിനത്തിൽ(കറണ്ട്) ₹8,32,939/- യും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ റിപ്പോർട്ടിലെ പരാമർശം 1-34 ലെ ഓഡിറ്റ് റിക്കവറി തുകയായ ₹1,67,061/-യും ചേർത്ത് ആകെ ₹10,00,000/- വരവ് വന്നിട്ടുള്ളതായാണ് രസീതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അന്വേഷണ കുറിപ്പിന് (21/29.01.2025) ലഭ്യമാക്കിയ മറുപടിയിൽ 10,00,000/-രൂപയും സ്ഥാപനം അടച്ചതായി മുൻകൂർ അറിയിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കാത്തതും ആയത് മുഖാന്തിരം ഡിമാന്റ് ചെയ്യപ്പെടാത്തതുമായ ടി കെട്ടിടത്തിന്റെ വസ്തുനികുതിയായി അടവാക്കിയ തുകയായ ₹8,32,939/- എപ്രകാരമാണ് വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയതെന്ന വിവരം ലഭ്യമല്ല. കൂടാതെ ഓഡിറ്റ് റിക്കവറി തുകയായി രേഖപ്പെടുത്തിയ ₹1,67,061 തുക 2018-19 സാമ്പത്തിക വർഷത്തിലെ റിപ്പോർട്ടിലെ (14.01.2020 ലെ നം.കെഎസ് എ-ഇകെഎം (എം2)1851/2019) 1-34 പരാമർശത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ വിവരങ്ങളോ അതുമായി ബന്ധപ്പെട്ട വരവ് നഷ്ടങ്ങളോ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. എന്നാൽ റിപ്പോർട്ടിൽ പരാമർശിക്കാത്ത ടി സ്ഥാപനത്തിന്റെ ഓഡിറ്റ് റിക്കവറി തുകയായി ₹1,67,061 വകയിരുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി കെട്ടിടം ഉൾപ്പടെ യു.എ രജിസ്റ്ററിൽ ഉൾപ്പെട്ട ആക്ടീവായ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ കെ-സ്മാർട്ടിൽ ചേർക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങളിൽ നിന്നും കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 242 പ്രകാരം വസ്തുനികുതി, കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 വാടക വരവ് – അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ/സ്ഥലങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിൻ പ്രകാരം 2023-24 വർഷം ₹1,44,46,099/- യാണ് പ്രതീക്ഷിത വരവായി വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങൾ/ സ്ഥലങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565 -(ബി) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരസഭയിലെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനായി നിയമാനുസൃത ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണെന്ന് വിവരിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ/സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാ എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മുനിസിപ്പാലിറ്റി നിയമ പ്രകാരം ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

2. രജിസ്ട്രേഷൻ നിയമം പ്രകാരം കരാർ വയ്ക്കുന്നില്ല.

പുതുതായി കെട്ടിടം വാടകയ്ക്ക് നൽകുമ്പോഴും കുത്തക കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നിലവിലെ എല്ലാ ലൈസൻസികൾക്ക് കെട്ടിടം വാടകയ്ക്ക് പുതുക്കി നൽകുമ്പോഴും, രജിസ്ട്രേഷൻ നിയമം പ്രകാരം കരാർ രജിസ്റ്റർ ചെയ്ത് വാടക കരാർ സാധുവാക്കേണ്ടതാണ്. എന്നാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ തൻവർഷം വാടകക്ക് നൽകിയിട്ടുള്ളത് വാടക കരാർ ചമയ്ക്കാതെയാണ്. നിയമപ്രകാരമുള്ള തുകയിലുള്ള മുദ്രപത്രത്തിൽ വാടക കരാർ ചമയ്ക്കാതെ കെട്ടിട വാടക പുതുക്കി

നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മൂവാറ്റുപുഴ-തൊടുപുഴ ഹൈവേയുടെ സമീപം സ്ഥിതിചെയ്യുന്ന പാലം കോംപ്ലക്സിൽ വാടക രജിസ്റ്റർ വിവര പ്രകാരം പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത് മഹാനാമി ഹോട്ടൽ എന്ന സ്ഥപനമാണ്. എന്നാൽ സ്ഥല പരിശോധന പ്രകാരവും ചാർട്ടേഡ് എൻജിനീയറുടെ റിപ്പോർട്ട് പ്രകാരവും നിലവിൽ പ്രസ്തുത കെട്ടിടത്തിൽ നിലകൊള്ളുന്ന മഹാനാമി ഫൈനാൻസ്, സുനിദ്രാ എന്നീ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. നിലവിൽ ടി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നാണ് ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമായ വിവരം. ടി കെട്ടിടത്തിൽ പരിശോധന നടത്തി കീഴ്വാടകയ്ക്ക് കെട്ടിടം മറിച്ച് നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉചിതമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

4.വാടക ഡെപ്പോസിറ്റ് വിവരങ്ങൾ കാലികമാക്കേണ്ടതാണ്.

വാടക ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ കെട്ടിടങ്ങളിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിന് വാടക ഡെപ്പോസിറ്റ് തുക ഈടാക്കിയിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് മാന്വൽ പ്രകാരം വാടക നിശ്ചയിച്ചിരുന്നു. നിലവിൽ പ്രവർത്തിക്കുന്നതും ഡെപ്പോസിറ്റ് തുകകൾ ഈടാക്കിയിട്ടുള്ളതുമായ കട മുറികളുടെ ഡെപ്പോസിറ്റ് തുക വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് ആകെ ₹8,21,39,918/- യാണ്. എന്നാൽ റെന്റ് ഡെപ്പോസിറ്റ് തുകയായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് ₹1,92,42,354/- (2023-24 വാർഷിക ധനകാര്യ പത്രിക ബി 7 ഷെഡ്യൂൾ). തുകകൾ തമ്മിൽ ₹6,28,97,564/- യുടെ വ്യത്യാസമാണുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് ഇനത്തിൽ ലഭ്യമായ തുകകൾ നിലവിൽ ഏത് അക്കൗണ്ടുകളിലാണെന്നും, എപ്രകാരമാണ് സൂക്ഷിക്കുന്നതെന്നും (ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ) വിശദീകരണം / വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-19 വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നുമുള്ള പിഴയായി ഉത്തരവത്തിൽ തുക കുറവ് ചെയ്തു.

1. തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്തിയിട്ടില്ലെങ്കിൽ വികസന ഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനം നോമിനൽ കട്ട് വരുത്തുന്നതിന് ആറാം ധനകാര്യക്കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിൽ എട്ടാം നമ്പരായി ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ സ.ഉ.(കൈ) 179/2022/ധന/ 18.10.2022 നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മൂവാറ്റുപുഴ നഗരസഭക്ക്, സ.ഉ.(സാധാ) 2858/2024/ധന/ 22.3.2024 നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച വികസന ഫണ്ട് മൂന്നാം ഗഡുവിൽ പൊതുവിഭാഗം ഫണ്ടിൽ നിന്നും ₹2,37,840.00 കട്ട് ചെയ്തിട്ടുണ്ട്. തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്താതിരുന്നതിനാൽ ആണ് ഇപ്രകാരം നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന തുക നഷ്ടമായിട്ടുള്ളത്.

ഈ തുക വാർഷിക ധനകാര്യ പത്രികയിൽ എപ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ട് പിരിവ് കാര്യക്ഷമമാക്കുന്നതിന് നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് 28.01.2025-ൽ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭിച്ചില്ല.

2. എസ് സി പി/ടി എസ് പി വിഭാഗങ്ങളിൽ 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നതും എന്നാൽ ആ വർഷം ചെലവഴിക്കാത്തതുമായ ഷോർട്ട് ഫാൾ തുക തൊട്ടടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്ന് ക്രമീകരിക്കുന്നതാണെന്ന സ.ഉ(കൈ) നം.79/2021 ധന തീയതി 15.07.2021-ൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ₹13,53,106.00-യും പൊതുവിഭാഗം ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് എസ്. സി. പി./ടി.എസ്.പി. എന്നിവയിലേക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്. അനുവദിക്കുന്ന വർഷം തുക പൂർണ്ണമായി ചെലവഴിക്കാത്തതിനാലാണ് ഇത്തരത്തിൽ പൊതുവിഭാഗം ഫണ്ടിൽ നിന്ന് തുക കുറവ് ചെയ്തിട്ടുള്ളത്.

നികുതി പിരിവ് കാര്യക്ഷമമായി നടക്കാത്തതും ഗ്രാന്റ് യഥാസമയം വിനിയോഗിക്കാത്തതിനാൽ മറ്റ് വിഭാഗത്തിലേക്ക് ക്രമീകരിക്കപ്പെടുന്നതും നഗരസഭയുടെ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് അഭികാമ്യമല്ല. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ ഊർജ്ജിതമാക്കേണ്ടതിന്റെയും ഗ്രാന്റ് വിനിയോഗം ശരിയായി മോണിട്ടർ ചെയ്യേണ്ടതിന്റെയും ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-20 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക ക്രമീകരിക്കാനവശേഷിക്കുന്നു.

നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിലെ 460600100 ശീർഷകത്തിൽ ₹849779.00, 460600300 ശീർഷകത്തിൽ ₹1610000.00 എന്നിങ്ങനെ യഥാക്രമം കെ.എസ്.ഇ.ബി-യിലും, വാട്ടർ അതോറിട്ടിയിലും നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയ തുക ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്. കെ എസ് ഇ ബി-ക്ക് നൽകിയ തുകയിൽ ₹800000/-യും, വാട്ടർ അതോറിട്ടിക്ക് നൽകിയ ₹1610000.00-യും മുൻവർഷങ്ങളിൽ കൈമാറിയ തുകയാണ്. തൻവർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് ₹6468510.00 നൽകിയെങ്കിലും ₹49779.00 മാത്രമാണ് വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാമസയം പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 28.01.2025-ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. 2023-24-ൽ കൈമാറിയ മുഴുവൻ തുകയും നിക്ഷേപ പ്രവൃത്തികളുടെ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതും വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കേണ്ടതുമാണ്.

1-21 മുൻകൂർ യഥാസമയം ക്രമീകരിക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99(2) പ്രകാരം താല്ക്കാലിക അഡ്വാൻസ് കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതും അഡ്വാൻസ് തുക മുഴുവൻ ചെലവാകാത്ത പക്ഷം 3 മാസത്തിനുള്ളിൽ ബില്ല് സമർപ്പിച്ച് തുക തിരിച്ചടച്ചില്ലെങ്കിൽ അവശേഷിക്കുന്ന തുക 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്. മൂവാറ്റുപുഴ നഗരസഭയിലെ അഡ്വാൻസ് രജിസ്റ്ററിൽ മുൻകൂർ തുകകൾ ക്രമീകരിക്കാതെ നിലനിൽക്കുന്നു.

1. 2023-24 വർഷത്തിൽ നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ ക്രമീകരിക്കാത്ത തുകകളുടെ വിവരം.

ക്രമ നമ്പർ	വൗച്ചർ നമ്പർ/ തീയതി.	ഫയൽ നമ്പർ	മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	മുൻകൂറിന്റെ ഉദ്ദേശ്യം	മുൻകൂർ തുക
1	45/07.11.2023	PH1-15440/23	കിരൺ ടോംസ്, ജെ.എച്ച്.ഐ I	വാഹനത്തിന്റ ജിപിഎസ് പുതുക്കുന്നതിന്	₹5000/-
2	58/25.01.2024	PH2-79408/24	കിരൺ ടോംസ്, ജെ.എച്ച്.ഐ I	റിപ്പബ്ലിക് ദിനാഘോഷം	₹30000/-
3	43/16.02.2024	PH2-195268/24	ഷീജ ടി.കെ, ജെ.എച്ച്.ഐ I	ടോയ്‌ലെറ്റ് ക്ലീനിംഗ്	₹20000/-
4	75/22.02.2024	R1-283124/24	ഓമനക്കുട്ടൻ വി ബി, റെവന്യു ഇൻസ്പെക്ടർ	ക്യാംപ് കളക്ഷൻ	₹15000/-

2. മുൻവർഷം നൽകിയ മുൻകൂർ തുകകൾ ഉൾപ്പെടെ ആകെ ₹20,65,885/- ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്.

യഥാസമയം മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 04.02.2025ൽ 38-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അവശേഷിക്കുന്ന തുകകൾ നഗരസഭാ ഫണ്ടിൽ അടച്ചെന്നും മുൻകൂർ ക്രമീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നെന്നുമാണ് മറുപടി ലഭിച്ചത്. കേരള ഫിനാൻഷ്യൽ കോഡിലെ നിർദ്ദേശത്തിനനുസൃതമായി മുൻകൂറുകൾ ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 ബാങ്ക് റിക്കൺസിലിയേഷന് ആധാരമായ ഇൻസ്ട്രുമെന്റുകളുടെ വിവരം ലഭ്യമല്ല.

രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ നഗരസഭ നൽകിയ ചെക്കുകൾ ബാങ്കിൽ ഹാജരാക്കാത്തതായും നഗരസഭ ഹാജരാക്കിയ ചെക്കുകൾ ബാങ്കിൽ നിന്ന് പണമാക്കാത്തതായും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ചെക്കുകളുടെ നമ്പർ, ഇഷ്യൂ ചെയ്ത/ഹാജരാക്കിയ തീയതി, വൗച്ചർ നമ്പർ /തീയതി എന്നിവ ലഭ്യമാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് അക്കൗണ്ട്	ഇനം	തുക
SBI Own Fund 57021214756	Cheques Issued But Not Presented Into Bank	₹179187.00
	Cheques Deposited But Not Collected From Bank	₹1557818.00
Federal Bank 10090100450864	Cheques Deposited But Not Collected From Bank	₹2695673.00

ബാങ്ക് റിക്കൺസിലിയേഷന്റെ വിവരങ്ങൾ മുഴുവൻ ഓഡിറ്റിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-23 വെള്ളക്കരം കുടിശ്ശിക തീർപ്പാക്കിയിട്ടില്ല.

നഗരസഭയിലെ പൊതുടാപ്പുകൾ മുഴുവനും 03.03.2022-ൽ റദ്ദ് ചെയ്തിട്ടുള്ളതാണ്. അതിന് ശേഷവും വാട്ടർ അതോറിട്ടിയിൽ നിന്ന് കുടിശ്ശിക ഡിമാൻഡ് നോട്ടീസ് ലഭിച്ചിരുന്നു. കേരളാ വാട്ടർ അതോറിട്ടിയിൽ നിന്നുള്ള 09.01.2023 തീയതിയിലെ MPA/ST/8/22 നമ്പർ കത്തിൽ അത് വരെയുള്ള കുടിശ്ശികയിൽ ആംനസ്റ്റി പദ്ധതി പ്രകാരം ₹468721.00 ഒറ്റത്തവണ അടവാക്കി കുടിശ്ശിക തീർപ്പാക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. ഉപയോഗിക്കാത്ത വെള്ളത്തിന്റെ ബിൽ തുകകൾ പൂർണ്ണമായി ഒഴിവാക്കി തരുന്നതിന് നടപടി സ്വീകരിക്കുവാൻ 14.06.2022-ലെ പി.ഡബ്ല്യൂ4-2814/04 കത്ത് മുഖേന നഗരസഭാ സെക്രട്ടറി കേരള വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ വാട്ടർ അതോറിട്ടിയിൽ നിന്ന് ഡിമാൻഡ് നോട്ടീസ് ലഭിക്കുന്നുണ്ടോയെന്ന് അറിയിക്കുവാനും കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(32/30.01.2025) മറുപടി ലഭിച്ചില്ല. കുടിശ്ശിക ക്രമീകരിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-24 തനതുഫണ്ടിൽ നിന്ന് പിഴപ്പലിശ അടവാക്കി: ₹81,710.00-യുടെ ചെലവ് നിരാകരിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തെ Q3, Q4 ക്വാർട്ടറുകളിലെ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യാൻ വീഴ്ച്ച വരുത്തിയതിനാൽ പിഴപ്പലിശ ഇനത്തിൽ വൗച്ചർ നമ്പർ 41/07.07.2023 (ചെക്ക് നമ്പർ 698526) മുഖേന ₹81,710.00 തനതുഫണ്ടിൽ നിന്ന് ആദായ നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. 31.05.2023-ലെ 18ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ആണ് തുക ഒടുക്കിയിട്ടുള്ളത്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്തതിനാലാണ് പിഴപ്പലിശ ഒടുക്കേണ്ടി വന്നത്. ആയതിനാൽ തനതുഫണ്ടിൽ നിന്ന് ഈയിനത്തിൽ തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച്ച വരുത്തിയ

ഉദ്യോഗസ്ഥനിൽ നിന്ന് തുക തിരികെ ഈടാക്കാത്ത പക്ഷം ₹81,710.00 സെക്രട്ടറിയിൽ നിന്ന് ഈടാക്കി തനതുഫണ്ടിൽ ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക നമ്പർ 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-25 കരാറുകാരന് യഥാസമയം തുക നൽകിയില്ല - വക്കീൽ ഫീസ് ഇനത്തിൽ തുക നൽകിയത് - പാഴ്ചെലവ്

നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനിയർ, സെക്രട്ടറി എന്നിവരെ എതിർ കക്ഷികളാക്കി ശ്രീ.എൻ എ കരീം എന്ന കരാറുകാരൻ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)20422/2022 എന്ന കേസിൽ ഹാജരായതിന് വക്കീൽ ഫീസിനത്തിൽ വൗച്ചർ നമ്പർ 57/23.12.2023 പ്രകാരം ₹15000.00 ചെലവഴിച്ചിട്ടുണ്ട്. പരാതിക്കാരൻ ഏറ്റെടുത്ത് പൂർത്തീകരിച്ച നിർമ്മലഗിരി റോഡ്, ചങ്ങമ്പുഴ റോഡ് മഹിളാ സമാജം റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബില്ല് മാറി മുഴുവൻ തുകയും നൽകാത്തതിനാലാണ് ടിയാൾ ബഹു. കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തത്. ഫയൽ പരിശോധിച്ചതിൽ 01.12.2018-ൽ കരാറുകാരനും നഗരസഭ അസിസ്റ്റന്റ് എഞ്ചിനിയറും ഒപ്പ് വച്ച കരാറിലെ വ്യവസ്ഥകളിൽ നം.16 ആയി പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ച്ചക്കുള്ളിൽ അളവെടുത്ത് ബില്ലെഴുതുകയും ബിൽ ലഭിച്ച് ഒരാഴ്ച്ചക്കുള്ളിൽ പണം നൽകുന്നതുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 20.03.2019-ൽ ₹263774.00 പാർട്ട് പെയ്മെന്റ് നടത്തി. മുഴുവൻ പ്രവൃത്തിയും പൂർത്തീകരിച്ച് 03.03.2020-ന് ചെക്ക് മെഷർ ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥ പാലിക്കാതെ ബില്ല് മാറി അവശേഷിക്കുന്ന തുക നൽകാതിരുന്നതിനാലാണ് കരാറുകാരൻ കോടതിയിൽ ഹർജി നൽകിയത്. യഥാസമയം തുക നൽകാതിരുന്നതിന് വ്യക്തമായ കാരണം ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ 2019-20 മുതൽ 2022-23 വരെ സംരക്ഷണ ഗ്രാന്റ് – റോഡ് ഇനത്തിൽ തുക ലാപ്സായിട്ടുള്ള സാഹചര്യത്തിൽ ഫണ്ടിന്റെ അപര്യാപ്തതയല്ല ബിൽ തുക നൽകാതിരുന്നതിന് കാരണമെന്ന് വ്യക്തമാണ്. ഈ വർഷങ്ങളിൽ ലാപ്സായ ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ലാപ്സായ തുക (₹)
2019-20	2,02,05,823
2020-21	27,715
2021-22	27,51,789
2022-23	37,14,314

പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക 2023-24 സാമ്പത്തിക വർഷത്തിൽ കോടതി വിധിയെ തുടർന്നാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ബില്ല് മാറുന്നതിലെ അകാരണമായ താമസം കോടതി വ്യവഹാരത്തിനിട വരുത്തുകയും വക്കീൽ ഫീസിനത്തിൽ നഗരസഭയ്ക്ക് തനതുഫണ്ടിൽ നിന്ന് തുക ചെലവാക്കേണ്ടി വരികയും ചെയ്തു. ഇതിന് വിശദീകരണം ലഭ്യമാക്കുവാനും പൂർത്തിയായ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ച് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുവാനും താല്പര്യപ്പെട്ട് 01.02.2025-ൽ 30ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. 2020 വർഷം കൊവിഡ് മൂലം ഗ്രാന്റ് തുക ചെലവഴിക്കാൻ സാധിക്കാതെ വന്നെന്നും തുടർന്നുള്ള വർഷങ്ങളിൽ തുക നൽകുന്നതിന് സ്പിൽ ഓവറായി പ്രൊജക്ട് വയ്ക്കാത്തതിനാലാണ് തുക നൽകാൻ സാധിക്കാതെ വന്നതെന്നുമാണ് മറുപടിയിൽ അറിയിച്ചത്. ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പദ്ധതികളുടെ തുക നൽകുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ച് തുക നൽകേണ്ടതും ഇത്തരം പാഴ്ച്ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

1-26 വാഹനങ്ങളുടെ ഇൻഷ്വറൻസ്-സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

2023-24 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ചുവടെ ചേർക്കുന്നതു പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

വൗച്ചർ നം./തീയതി	തുക	വാഹനത്തിന്റെ നമ്പർ	ഇൻഷ്വറൻസ് കമ്പനിയുടെ പേര്
107/26.03.2024	₹33383.00	KL 17Q 5146	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
71/27.07.2023	₹31715.00	KL 17K 3850	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
01/01.09.2023	₹13935.00	KL 17U 1088	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
32/01.09.2023	₹11723.00	KL 17T 2668	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
112/26.03.2024	₹7426.00	KL 17L 5548	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
113/26.03.2024	₹18450.00	KL 17Q 3901	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
ആകെ	₹116632.00		

07.08.2021ലെ സർക്കുലർ നം. ബി2/278/219 ഗതാഗത വകുപ്പ് & സർക്കുലർ നം. 02/2024/ധന, തീയതി 10.01.2024 എന്നിവ പ്രകാരം സർക്കാർ വാഹനങ്ങൾക്ക് പുതിയതായി പോളിസി എടുക്കുമ്പോഴോ നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy അല്ലെങ്കിൽ Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന

എടുക്കണമെന്നും, ആയതിന്റെ ചെലവ് 'ഓഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള മേൽപറഞ്ഞ 6 വാഹനങ്ങളുടേയും ഇൻഷ്വറൻസ് മറ്റ് കമ്പനികളുടേതാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് 03.02.2025-ൽ 36-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സർക്കുലർ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ഇനി മുതൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം പുതുക്കേണ്ടതാണ്.

1-27 ആദായനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല

ഡംപിംഗ് യാർഡ് നവീകരണത്തിന്റെ ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ പ്രതിഫലമിനത്തിൽ ഡോ.സക്കീർ എസ് പിള്ള-യ്ക്ക് 37/10.01.2024 നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നമ്പർ 866963/10.01.2024) ₹4,15,000.00 നൽകിയിട്ടുണ്ട്. എന്നാൽ 1961-ലെ ആദായനികുതി നിയമം, വകുപ്പ് 194 സി പ്രകാരം സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ട 1% ആദായ നികുതി കുറവ് ചെയ്തില്ല. ₹4,150.00 നികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത് ആദായ നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് 06.02.2025-ൽ 45-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ₹4,150.00 ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-28 ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചില്ല.

മൂവാറ്റുപുഴ നഗരസഭ പണികഴിപ്പിച്ചിട്ടുള്ള ഷീ ലോഡ്ജിന് വാട്ടർ കണക്ഷൻ എടുക്കുന്നതിന് ₹24,708.00 വൗച്ചർ നമ്പർ 77/22.05.2023 (ചെക്ക് നമ്പർ 656233 തീയതി 22.05.2023) മുഖേന പി.ഡബ്ല്യു.3 ക്ലർക്കായ ശ്രീമതി വസന്തകുമാരിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വാട്ടർ കണക്ഷൻ ലഭ്യമായിട്ടുണ്ടോയെന്നും ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നുമുള്ള വിവരം അറിയിക്കാൻ താല്പര്യപ്പെട്ട് നൽകിയ 03.02.2025-ലെ 33ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വാട്ടർ കണക്ഷൻ ലഭിച്ചെന്നും എന്നാൽ ഷീ ലോഡ്ജ് പ്രവർത്തിക്കുന്നില്ലെന്നുമാണ് മറുപടി നൽകിയത്. പണി പൂർത്തീകരിച്ച് ഫർണിച്ചർ വാങ്ങിയെങ്കിലും സ്ഥാപനം പ്രവർത്തിക്കാത്തത് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുള്ളതാണ് (2020-21 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നമ്പർ 1-27, 2022-23 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക നമ്പർ 1-23). ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-29 എസ്.എസ്.എ. വിഹിതം ധനവിനിയോഗ രേഖ ലഭ്യമല്ല. ₹500,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്	എസ്.എസ്.എ. വിഹിതം നൽകൽ (എസ്.21/24)
അടങ്കൽ	₹500,000/- (വികസന ഫണ്ട് - ജനറൽ)
ചെലവ്	₹500,000/- (വികസന ഫണ്ട് - ജനറൽ) UTR RBI 2862331485684 / 12.10.2023
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, മുനിസിപ്പാലിറ്റി

എറണാകുളം എസ്.എസ്.കെ.യുടെ A.4/576/23/EKM/SSK/3.7.23 -ാം നമ്പർ കത്ത് പ്രകാരം മുനിസിപ്പാലിറ്റിയുടെ എസ്.എസ്.കെ. വിഹിതമായി ₹20,45,412/- രൂപ കൈമാറുന്നതിന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. തുക നൽകിയിട്ടുള്ളത് മൂവാറ്റുപുഴ ബി.ആർ.സി.യുടെ SNA Account (Child) 0714101068148 ലേക്കാണ്.

എ.1/399/24/BRC/MVPA/12.2.2024 നമ്പർ കത്ത് പ്രകാരം വിഹിതം മുഴുവനായി അടവാക്കാത്തതിനാൽ അടക്കുന്ന തുകയ്ക്ക് അനുസരിച്ചുള്ള സൗകര്യങ്ങൾ മാത്രമേ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുകയുള്ളുവെന്നും പൂർണ്ണമായും വിഹിതം അടച്ചാൽ മാത്രമാണ് സ്കൂളുകളിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും പദ്ധതി പ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ലഭിക്കുകയുള്ളൂ എന്നും മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള വിഹിതം പൂർണ്ണമായും അടവാക്കാതിരുന്നത് സംബന്ധിച്ച വിശദീകരണവും പ്രോജക്റ്റ് പ്രകാരം കൈമാറിയ 5 ലക്ഷം രൂപയ്ക്ക് അനുസരിച്ച് മുനിസിപ്പാലിറ്റിയിലെ സ്കൂളുകൾക്ക് ലഭിച്ച സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് രേഖപ്പെടുത്തിയ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/28.1.2025) ആയത് ബി.ആർ.സി.യിൽ നിന്നും ലഭ്യമായിട്ടില്ലയെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് സമർപ്പിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ₹500,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 എസ്.സി./ എസ്.ടി. വിദ്യാർത്ഥി സ്കോളർഷിപ്പ് - വാർഡ് സഭ അംഗീകരിച്ച ലിസ്റ്റ് ലഭ്യമല്ല. ₹6,10,000 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കും പ്രകാരം രണ്ട് പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1.	പ്രോജക്റ്റ്	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.27/24)
	അടങ്കൽ	₹2,21,000 (വികസന ഫണ്ട് - ടി.എസ്.പി.)

	ചെലവ്	₹1,55,000 (TRN 23120200.....012551/ 20.12.23) ₹30,000 (TRN 23120200.....016452/ 5.3.24) ₹1,85,000
	നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, മുനിസിപ്പാലിറ്റി
2.	പ്രോജക്ട്	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.26/24)
	അടങ്കൽ	₹4,50,000 (വികസന ഫണ്ട് - എസ്.സി.പി.)
	ചെലവ്	₹3,15,000 (TRN 23120200.....013735/ 12.1.24) ₹20,000 (TRN 23120200.....014242/ 27.1.24) ₹45,000 (TRN 23120200.....015548/ 19.2.24) ₹25,000 (TRN 23120200.....015795/ 24.2.24) ₹20,000 (TRN 23120200.....015551/ 9.2.24) ₹4,25,000
	നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, മുനിസിപ്പാലിറ്റി

സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ./ 28.05.2022 ലെ ഖണ്ഡിക 7.2.4(ii) പ്രകാരം സ്കോളർഷിപ്പ് നൽകപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ്സഭ യിൽ അവതരിപ്പിച്ച് അംഗീകരിക്കേണ്ടതും വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

മേൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വാർഡ് സഭ അംഗീകരിച്ച ലിസ്റ്റ്, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/28.1.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹6,10,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പി.എം.എ.വൈ ഭവന നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച പല ഗുണഭോക്താക്കളും പണി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ അല്ലെങ്കിൽ മുൻകൂർ കൈപ്പറ്റിയിട്ടുള്ള തുക തിരികെ ഈടാക്കുന്നതിനോ മുനിസിപ്പാലിറ്റി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/28.1.2025) ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് രേഖാമൂലവും ഫോണിലും ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകിവരുന്നുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രശ്നങ്ങൾ, വഴി സൗകര്യക്കുറവ് എന്നീ കാരണങ്ങളാലാണ് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതെന്ന് 08.01.2025 ൽ നഗരസഭയിൽ വിളിച്ച് ചേർത്ത ഗുണഭോക്താക്കളുടെ യോഗത്തിൽ പങ്കെടുത്ത മിക്കവരും പറഞ്ഞിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	ഡി.പി.ആർ	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു കൈപ്പറ്റിയ വർഷം	ഇതുവരെ കൈപ്പറ്റിയ തുക (₹)	ബാക്കി കൈപ്പറ്റാനുള്ള തുക(₹)	എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള കുറിപ്പ്.
1	DPR III	സിബി പി.എ. പൊട്ടേക്കണ്ടത്തിൽ. വാർഡ് 28	2019-20	40,000	3,60,000	പദ്ധതിയിൽ നിന്നൊഴിവാക്കുവാൻ അപേക്ഷിച്ചിട്ടുണ്ട്
2	DPR III	നിഷാദ് ടി.ബാവ, തോട്ടത്തിക്കുടിയിൽ വാർഡ് 12	2019-20	2,00,000	2,00,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
3	DPR III	ജസീന പി.എച്ച്. വള്ളിക്കുടിയിൽ വാർഡ് 11	2022-23	1,20,000	2,80,000	വഴി സൌകര്യം ഇല്ലാത്തതിനാൽ അധിക ചെലവ് വരുമെന്നതിനാൽ പദ്ധതിയിൽ നിന്നൊഴിവാക്കുവാൻ അപേക്ഷിച്ചിട്ടുണ്ട്
4	DPR IV	ഖദീജ ബഷീർ തെക്കേവീട്ടിൽ വാർഡ് 11	2020-21	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
5	DPR IV	ടി.എം.സജി തെക്കനാട്ട് വാർഡ് 12	2020-21	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
6	DPR IV	പെണ്ണമ്മ തേവൻ പൈനാമറ്റത്തിൽ വാർഡ് 2	2020-21	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

7	DPR IV	തങ്കമണി അയ്യപ്പൻ കോളനി പുത്തൻപുര വാർഡ് 27	2020-21	2,00,000	2,00,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
8	DPR IV	സൈനബ ഖാലിദ് നെടിയമല വാർഡ് 10	2020-21	40,000	3,60,000	പദ്ധതിയിൽ നിന്നൊഴിവാക്കുവാൻ അപേക്ഷിച്ചിട്ടുണ്ട്
9	DPR IV	അജേഷ് സി.എ. ചാലിൽ വാർഡ് 27	2020-21	40,000	3,60,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
10	DPR IV	എം.കെ.ദാമോദരൻ മാമ്പിള്ളിൽ വാർഡ് 12	2020-21	2,00,000	2,00,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
11	DPR IV	ഷാജി ഈരോറ്റുമറ്റത്തിൽ വാർഡ് 2	2020-21	40,000	3,60,000	പദ്ധതിയിൽ നിന്നൊഴിവാക്കുവാൻ അപേക്ഷിച്ചിട്ടുണ്ട്
12	DPR IV	ചിന്നമ്മ വർഗ്ഗീസ് ആനിചോട്ടിൽ വാർഡ് 1	2021-22	80,000	3,20,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
13	DPR IV	ഷെഹാരഅജിത്ത് പുഴക്കരയിൽ വാർഡ് 4	2022-23	40,000	3,60,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
14	DPR V	റാഫിയ ബഷീർ കാഞ്ഞൂർപുത്തൻപുര വാർഡ് 11	2021-22	2,00,000	2,00,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
15	DPR V	അബ്ദുൽലത്തീഫ് എം.എ. മലേക്കുടിയിൽ വാർഡ് 11	2021-22	2,20,000	1,80,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
16	DPR V	വി.എൻ.വിപിൻകുമാർ വെങ്ങോലയിൽ വാർഡ് 12	2021-22	2,00,000	2,00,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
17	DPR V	ചന്ദ്രൻ എം. ചാലിൽപുത്തൻപുര വാർഡ് 24	2020-21	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
18	DPR V	ഷംനാദ് സി.എസ്. ചിറത്തിക്കാട്ടിൽ വാർഡ് 11	2020-21	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
19	DPR V	കുഞ്ഞമ്മ കെ.പി. കണ്ടോലിക്കുടിയിൽ വാർഡ് 27	2021-22	2,00,000	2,00,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
20	DPR V	ഇ.ടി.വിജയൻ ഇരുവേലിക്കുന്നേൽ വാർഡ് 25	2021-22	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
21	DPR V	ഷാനവാസ് ടി.ബി. തോപ്പിൽ വാർഡ് 28	2021-22	40,000	3,60,000	പദ്ധതിയിൽ നിന്നൊഴിവാക്കുവാൻ

						അപേക്ഷിച്ചിട്ടുണ്ട്
22	DPR V	ജെസ്സിപോൾ കാഞ്ഞിച്ചിറപുത്തൻപുര വാർഡ് 17	2021-22	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
23	DPR V	സേവ്യർ ജോസഫ് കളപ്പുരക്കൽ വാർഡ് 14	2022-23	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
24	DPR V	ഷാനി പി.കെ. പച്ചപ്പാല വാർഡ് 6	2021-22	2,00,000	2,00,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
25	DPR VI	കെ.വി.കൃഷ്ണൻകുട്ടി ചാലിൽ പുത്തൻപുര വാർഡ് 24	2022-23	3,60,000	40,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.
26	DPR VII	അശ്വതി മാമ്പിള്ളിയിൽ വാർഡ് 17	2022-23	40,000	3,60,000	08.01.2025 ലെ യോഗ തീരുമാനപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കി പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇക്കാര്യം മരാമത്ത്കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

1-32 ടെക്നോളജി കോൺക്ലേവ് - നഗരസഭാ വിഹിതം അധികം അടവാക്കി - ഒരു ലക്ഷം രൂപ നഷ്ടം.

സ.ഉ.(സാധാ) നം. 24/2023/ത.സ്വ.ഭ.വ./ 05.01.2023, സ.ഉ.(സാധാ) നം. 512/2023/ത.സ്വ.ഭ.വ./ 07.01.2023 എന്നീ ഉത്തരവുകൾ പ്രകാരം ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ കൊച്ചി മറൈൻ ഡ്രൈവിൽ നടത്തിയ GEX Kerala '23 എന്ന പരിപാടിക്കായി നഗരസഭകൾ തനത് ഫണ്ടിൽ നിന്നോ ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നോ ഒരു ലക്ഷം രൂപ വിഹിതം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും ഒരു ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി രണ്ടുതവണയായി ഓരോ ലക്ഷം രൂപ വീതം ചെലവഴിച്ചതിനാൽ 1 ലക്ഷം രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-33 സിസിടിവി, ഇന്റർകോം എന്നിവ ജനറൽ ആശുപത്രിയിലേക്ക് വാങ്ങൽ - പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ വിവിധ സ്ഥലങ്ങളിൽ സിസിടിവി ക്യാമറയും, ഇന്റർകോമും സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ (തൃശ്ശൂർ) ഓഫീസിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം	S0078/24
പ്രോജക്ട്	സിസിടിവി, ഇന്റർകോം എന്നിവ ജനറൽ ആശുപത്രിയിലേക്ക് വാങ്ങൽ
ഫണ്ട്, അടങ്കൽ തുക	മെയിന്റനൻസ് – നോൺ റോഡ് –
ചെലവ്	₹10,55,500/-
ട്രഷറി റഫറൻസ് നം./തിയതി	23120200000011614/04.12.23
നിർവഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്, ജനറൽ ആശുപത്രി

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകളുണ്ട്.

1. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, പെർഫോർമൻസ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 1601.4 പ്രകാരം നിർവഹണ ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന സെന്റേജ് ചാർജ് 10% മാത്രമാണ്. മേൽ പ്രോജക്ടിൽ താഴെ ചേർത്തിട്ടുള്ള പ്രകാരം 13.78% സെന്റേജ് ചാർജ് നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ്	സെന്റേജ് ചാർജ്	സെന്റേജ് ചാർജ്	അധികം

തുക	നൽകിയത് (13.78%)	നൽകാവുന്നത് (10%)	നൽകിയത്
₹8,16,668.50	₹1,12,536.92	₹81,666.85	₹30,870.07

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 04.02.25-ൽ 39-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ, ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ഈയിനത്തിലെ ₹10,55,500/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ ₹30,870.07 പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് ഡിവിഷനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-34 ജനറൽ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

മൂവാറ്റുപുഴ ജനറൽ ഹോസ്പിറ്റലിലെ ലക്ഷ്യ പ്രോജക്ട് ഓപ്പറേഷൻ തിയറ്റർ & ലേബർ റൂം തുറന്ന് പ്രവർത്തിക്കുന്നതിന് വൈദ്യുതി ലഭിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷനിൽ (തൃശ്ശൂർ) ₹52,26,000/- നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, പെർഫോർമൻസ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം.	S0243/24
പ്രോജക്ട്	ജനറൽ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
ഫണ്ട്, അടങ്കൽ തുക	മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് – ₹52,26,000/- മറ്റുള്ളവ – ₹16,00,000/-
ചെലവ്	₹52,26,000/-
ട്രഷറി റഫറൻസ് നം./തീയതി	23120200000015476/20.02.24
നിർവഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്, ജനറൽ ആശുപത്രി

പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, പെർഫോർമൻസ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് 31.01.25-ൽ 29-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ, ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ഈയിനത്തിലെ ₹52,26,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 എൻസിഡി കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല

പ്രോജക്ട് നം.	S0250/24
പ്രോജക്ടിന്റെ പേര്	എൻ.സി.ഡി. കെയർ യൂണിറ്റിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്, ജനറൽ ആശുപത്രി, മൂവാറ്റുപുഴ
അടങ്കൽ, ഫണ്ട്	₹15,00,000/-, ഹെൽത്ത് ഗ്രാന്റ്
ചെലവ്	₹13,12,551/-
ട്രഷറി ബിൽ റഫറൻസ് നം./തിയതി	397/11.03.24 –₹ 1,37,594/- 479/26.03.24 – ₹4,99957/- 509/27.03.24 – ₹6,75,000/-

മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ നിർമ്മാണം പൂർത്തീകരിക്കുന്ന പുതിയ എൻ.സി.ഡി. കെയർ യൂണിറ്റിലേക്ക് ജെം പോർട്ടൽ മുഖേന താഴെ ചേർക്കുന്ന മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് കെട്ടിടത്തിൽ മാമോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനായും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

സ്ഥാപനം	ഇൻവോയ്സ് നം./തീയതി	മെഡിക്കൽ ഉപകരണം	വില	വാറന്റി/ കാലയളവ്
പാരഎക്വിപ് സൊല്യൂഷ്യൻസ് എൽഎൽപി, മുംബൈ	158/27.03.24	BREAST HEALTH SCREENING DEVICE	₹6,75,000	2 വർഷം
റെമിഡിയോ ഇന്നവേറ്റീവ് സൊല്യൂഷ്യൻസ് പ്രൈവറ്റ് ലിമിറ്റഡ്, ബംഗ്ലൂരു	REM-DO-1137/22.12.23	Fundus On Phone Non Mydristic Device-HH	₹4,46,437	ഇല്ല
		Portable Chin Rest	₹25,200	ഇല്ല
		Motorised Table	₹28,320	ഇല്ല
ആർകോൺ മെഡിക്കൽ സിസ്റ്റംസ്, കൊച്ചി	AMS-199/23-24 /07.02.24	ECG Machine 12 Channel CM1200A	₹1,04,160	ഇല്ല
ഗ്ലോബൽ ഡൈഗ്നോസ്റ്റിക്സ് ആൻഡ് സർജിക്കൽസ്	23-24/00220 /19.01.24	BP Apparatus High End, Fat Imbedence Machine Omron, Weighing Scale Digital Samso Power, Stadio Meter	₹33,434	ഇല്ല

എൻ.സി.ഡി. കെയർ യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻപേ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുകയും, ഒരു വർഷത്തോളം പ്രയോജനപ്പെടുത്താനാകാതെ സ്റ്റോറിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം മുൻകൂട്ടി വാങ്ങിയത് മൂലം ബ്രെസ്റ്റ് എക്സാമിനേഷൻ മെഷിന്റെ 2 വർഷത്തെ വാറന്റി കാലയളവിലെ ഒരു വർഷം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കൂടാതെ മെഡിക്കൽ മേഖലയായതിനാൽ ഒരു വർഷം മുൻപ് നിലവിലുണ്ടായിരുന്ന സാങ്കേതികവിദ്യ, കെട്ടിടം പണി പൂർത്തികരിച്ച് ഈ യൂണിറ്റ് സ്ഥാപിക്കപ്പെട്ടുമ്പോൾ കാലഹരണപ്പെട്ട അവസ്ഥ സംജാതമായാൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭ്യമാകാതിരിക്കാൻ സാധ്യതയുണ്ട്.

ഈ വിഷയങ്ങളിൽ മറുപടി ആവശ്യപ്പെട്ട് നൽകിയ 06.02.25ലെ 47-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ, എൻസിഡി കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ച് മെഷീനുകൾ ഉപയോഗിക്കുന്നത് വരെ ₹13,12,551/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 ഓട ക്ലീനിംഗ് - ടിഡിഎസ് ഈടാക്കി അടവാക്കിയിട്ടില്ല

പ്രോജക്ട് നം	S0146/24
പ്രോജക്ടിന്റെ പേര്	ഓട ക്ലീനിംഗ്
അടങ്കൽ	434912/-(ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	257492/-
ബിൽ നം./തീയതി	1)423/21.03.2024 - ₹257492/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

മേൽ പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിലെ ഓട നിറഞ്ഞ് മഴവെള്ളം ഒഴുകുന്നതിന് തടസ്സമായി ഓടയിൽ നിറഞ്ഞ മണ്ണും മറ്റും ജെ.സി.ബി ഉപയോഗിച്ച് നീക്കി ടിപ്പറിൽ കയറ്റി ഡംപ് സൈറ്റിൽ നിക്ഷേപിക്കുന്ന പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ജെസിബി, ടിപ്പർ എന്നിവ ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടാണ് വാടകയ്ക്ക് എടുത്തിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ചതിന് കരാറുകാരന് 2,57,492/- രൂപ അനുവദിച്ചിട്ടുണ്ട്

1961 ലെ ആദായനികുതി നിയമം സെക്ഷൻ 194(C) പ്രകാരം ഒരു കരാറിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ തുക കരാറുകാരന് അനുവദിക്കുമ്പോൾ ടിഡിഎസ് നടത്തേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ ആദായ നികുതി ടിഡിഎസ് ഇനത്തിൽ തുക കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/03.02.2025 ന് ലഭ്യമാക്കിയ മറുപടിയിൽ ആദായനികുതി ടിഡിഎസ് ഇനത്തിൽ അടവാക്കാനുള്ള തുക ഈടാക്കി അടവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് ആദായനികുതി ടിഡിഎസ് ഇനത്തിൽ അടവാക്കാനുള്ള 1% തുകയായ 2575/-രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

1-37 സ്മാർട്ട് ഗാർബേജ് ആപ്-പ്രവർത്തന ക്ഷമമായിട്ടില്ല - ₹213525/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സ.ഉ.(സാധാ) 2341/2022/ത.സ്വ.ഭ.വ./26.09.2022 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത മിത്രം -പദ്ധതിക്കായി തുക വകയിരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി കസ്റ്റമർ എൻറോൾമെന്റ് വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ. ആർ. കോഡ് ഒട്ടിക്കൽ നടപടികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗരസഭയിൽ ഓഡിറ്റ് വർഷത്തിൽ താഴെ ചേർക്കും പ്രകാരം പ്രോജക്ട് ഏറ്റെടുത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

പ്രോജക്ട് നം.	208/24
പ്രോജക്ടിന്റെ പേര്	സ്മാർട് ഗാർബേജ് ആപ്പ്-തുടർ പ്രവർത്തനങ്ങൾ
അടങ്കൽ	315000/-(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ്	213525/-
ബിൽ നം.,തീയതി	1) CO 82335225469 -23.08.2023 - 118825/- 2) CO 82362103247 - 05.09.2023 - 87050/- 3) 496-23.08.2023 - 7650/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ട് ഓഫീസർ-നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പ്രസ്തുത പ്രോജക്ടിൽ മൂവാറ്റുപുഴ നഗരസഭ ഹരിതമിത്രം സ്മാർട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവ്വേ നടത്തി, ക്യൂ.ആർ.കോഡ് ഒട്ടിക്കൽ നടത്തി 8235 എണ്ണം വീടുകളും സ്ഥാപനങ്ങളും എൻറോൾമെന്റ് പൂർത്തീകരിച്ച വകയിൽ വീട് ഒന്നിന് 25/- രൂപ നിരക്കിൽ സർവ്വീസ് ചാർജ്ജ് 7650/- ഉൾപ്പെടെ ആകെ 213525/-രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ നഗരസഭയിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എപ്രകാരം പ്രവർത്തിക്കുന്നു എന്നും പ്രസ്തുത മോണിട്ടറിങ്ങിനായി ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിക്ക് നൽകുകയോ ആയത് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടും ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ മിനട്ട്സും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.24/30.1.2025). ആയതിന് ലഭ്യമായ മറുപടിയിൽ നിലവിൽ നഗരസഭയിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ചെയ്യുന്നതിന് മാലിന്യ മുക്തം നവകേരളം നോഡൽ ഓഫീസറുടെ ചുമതലയുള്ള പബ്ളിക് ഹെൽത്ത് ഇൻസ്പെക്ടറെയാണ് ചുമതലപ്പെടുത്തിയതെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ലാത്തതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫലപ്രദമായി മോണിട്ടറിങ്ങ് സംവിധാനം കാര്യക്ഷമമാക്കി ആയതിന്റെ പ്രവർത്തന റിപ്പോർട്ട് ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിനും വിധേയമായി ₹2,13,525/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല

പ്രോജക്ട് നം	02/24
പ്രോജക്ടിന്റെ പേര്	ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ
അടങ്കൽ	1700000/-(പൊതുവിഭാഗം -സാധാരണ വിഹിതം)
ചെലവ്	1700000/-
ബിൽ നം., തീയതി	1)188/ 06.11.2023 – 558700/- 2)194/08.11.2023 – 111500/- 3)196/13.11.2023 – 192000/- 4)197/13.11.2023 – 38600/- 5)207/24.11.2023 – 15500/- 6)225/07.12.2023 -362100/- 7)226/07.12.2023 - 6000/- 8)312/08.02.2024 – 291500/- 9)429/23,03,2024 – 57500/- 10)428/23.03.2024 – 66600/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐസിഡിഎസ് സൂപ്പർവൈസർ

മേൽ സൂചിത പ്രോജക്ടിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്ന 15 കുട്ടികൾക്കും മാനസിക വെല്ലുവിളികൾ നേരിടുന്ന 58 കുട്ടികൾക്കും ഉൾപ്പെടെ ആകെ 73 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം നടത്തിയത്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അവരുടെ വൈകല്യത്തിന് അനുസൃതമായും മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് 1000/-രൂപ, പ്രതിമാസ യാത്രാബത്ത 1000/- രൂപ, വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത, വിനോദയാത്രാ ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-, 2000/-, 1000/- രൂപ എന്നിവയടക്കം 28500/-രൂപയാണ് ഒരു കുട്ടിക്ക് അർഹതയുള്ള സ്കോളർഷിപ്പ്. എന്നാൽ നഗരസഭയിൽ മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് 26605/-രൂപയാണ് സ്കോളർഷിപ്പായി നൽകിയിരിക്കുന്നത്. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രോജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. സർക്കുലർ നം.ഡി.എ1/322 /2020(ത.സ്വ.ഭ.വ) തീയതി. 24.12.2020 പ്രകാരം നഗരസഭ സ്വന്തമായി മതിയായ തുക വകയിരുത്തിക്കൊണ്ടു വേണം പദ്ധതി തയ്യാറാക്കാൻ എന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി വഴി അർഹതപ്പെട്ടവർക്ക് ആനുകൂല്യം മുഴുവനായി ലഭിക്കുന്നരീതിയിൽ പര്യാപ്തമായ തുക വകയിരുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-39 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി -അപാകതകൾ

1.(എ) 2023 -24 വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നഗരസഭയിലെ 28 വാർഡുകളിലായി മഴക്കാല പൂർവ്വ ശുചീകരണ പ്രൊജക്ടുകൾ നിർവ്വഹണം നടത്തി തുക നൽകിയിട്ടുണ്ട്. 28 വാർഡുകളിലായി ആകെ 2587125/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക നൽകിയതിന്റെ പത്രിക പരിശോധിച്ചതിൽ 23 വാർഡുകളിലെ തൊഴിലാളികൾക്ക് യാത്രപ്പടി ഇനത്തിൽ 156501/- രൂപ നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ കാർഡ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 789 തൊഴിലാളികൾ തൊഴിലുറപ്പ് കാർഡ് എടുത്തിട്ടുണ്ട്.ആകെ 28 വാർഡുകളിൽ 23 എണ്ണത്തിലും യാത്രപ്പടി ഇനത്തിൽ തുക നൽകിയിട്ടുണ്ട്. സ.ഉ.(കൈ) നം.216/2017/ത.സ്വ.ഭ.വ. തീയതി 03-11-2017 പ്രകാരമുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 1.4.4 ൽ തൊഴിലപേക്ഷകന്റെ വീട്ടിൽ നിന്നും പരമാവധി 5 കിലോമീറ്റർ ചുറ്റളവിൽ തന്നെ തൊഴിൽ ലഭ്യമാക്കുവാനും എന്നാൽ ഏതെങ്കിലും കാരണത്താൽ 5 കിലോമീറ്റർ പരിധക്കപ്പുറത്ത് തൊഴിൽ നൽകേണ്ടി വന്നാൽ 10% അധിക കൂലി ലഭ്യമാക്കുന്നതിനുള്ള അവകാശം തൊഴിലുറപ്പ് തൊഴിലാളിക്ക് ഉണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തി നടത്തിയ വാർഡിൽ ആവശ്യത്തിന് തൊഴിൽ കാർഡ് ഉടമകൾ ഉണ്ടായിരിക്കെ മറ്റ് വാർഡുകളിൽ നിന്നും തൊഴിലാളികളെ കൊണ്ട് തൊഴിൽ ചെയ്യിക്കുകയും അവർക്ക് യാത്രപ്പടി നൽകുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രവൃത്തി ചെയ്ത വാർഡ് /രജിസ്റ്റർ പ്രകാരം വാർഡിലെ തൊഴിൽ കാർഡ് ഉടമകൾ	പങ്കെടുത്ത തൊഴിലാളികൾ	നൽകിയ യാത്രപ്പടി (₹)
1	17/35	13	10223.00
2	6/39	14	9890.00
3	4/27	18	7993.00
4	2/34	19	4729.00

മേൽ വിവരിച്ച പത്രികയിൽ പ്രവൃത്തി ചെയ്യുന്ന വാർഡിൽ ആവശ്യത്തിന് തൊഴിൽ കാർഡ് ഉടമകൾ ഉണ്ടായിരിക്കെ മറ്റ് വാർഡുകളിൽ നിന്നും തൊഴിലാളികളെ കൊണ്ട് പ്രവൃത്തി ചെയ്യിക്കുകയും യാത്രാപ്പടി നൽകുകയും ആണ് ചെയ്തിരിക്കുന്നത്. ഇത് സ.ഉ.(കൈ) നം.216/2017/ത.സ്വ.ഭ.വ. തീയതി 03-11-2017 പ്രകാരമുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

(ബി) മേൽ പത്രികയിലെ ക്രമ നം.3 ന്റെ തുക നൽകിയത് പരിശോധിച്ചതിൽ എല്ലാ തൊഴിലാളികൾക്കും യാത്രപ്പടി നൽകിയിട്ടുണ്ട്. അതായത് 27 തൊഴിലുറപ്പ് തൊഴിലാളികൾ തൊഴിൽ കാർഡ് ഉള്ളവരായി ലഭ്യമായിരിക്കെ മറ്റു വാർഡുകളിൽ നിന്നും തൊഴിലാളികളെ കൊണ്ട് പ്രവൃത്തി ചെയ്യിക്കുകയും തുക നൽകുകയും ചെയ്തിരിക്കുന്നു.

2.അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ യാത്രപ്പടി നൽകുന്നത് സംബന്ധിച്ച് ആധാരമാക്കുന്ന മാനദണ്ഡം ഏതെന്ന് വ്യക്തമാക്കേണ്ടതാണ്. ഫയലുകൾ പരിശോധിച്ചതിൽ തൊഴിൽ ചെയ്ത തൊഴിലാളികളിൽ യാത്രപ്പടി കൈപ്പറ്റിയവരുടെ വാർഡ്/യാത്രപ്പടിക്കുള്ള അർഹത സംബന്ധിച്ച രേഖപ്പെടുത്തൽ മിക്കവാറും ഫയലുകളിൽ ഇല്ല. ആയതിനാൽ യാത്രപ്പടി ലഭിച്ചവർ അർഹരാണോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

മേൽ വിവരിച്ചവയുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/28-01-2025 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ആകെ 789 തൊഴിലാളികളാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ കാർഡ് എടുത്തത് എന്നും ഇവരിൽ 107 പേർ മാത്രമാണ് തൊഴിലിനിറങ്ങുന്നവരായിട്ടുള്ളത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പി.എം.എ.വൈ പദ്ധതി പ്രകാരം 90 തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നതിനായി തൊഴിൽ കാർഡ് എടുത്തവർ, സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്ന ആവശ്യത്തിനായി തൊഴിൽ കാർഡ് എടുത്തവർ, ക്ഷീര കർഷകർക്കുള്ള ധനസഹായം ലഭിക്കുന്നതിന് വേണ്ടി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ബാക്കി 682 തൊഴിലാളികളും തൊഴിലിനിറങ്ങാൻ വിമുഖത കാണിക്കുന്നതിനാൽ പണിക്കിറങ്ങാൻ താൽപ്പര്യമുള്ള തൊഴിലാളികളെ വെച്ചാണ് എല്ലാ വാർഡുകളിലും പ്രവൃത്തി നടത്തുന്നത് എന്നും, ആയത് മൂലം മറ്റു വാർഡുകളിൽ തൊഴിൽ ചെയ്യുന്നവർക്ക് 5 കിലോ മീറ്ററിൽ കൂടുതൽ യാത്ര ചെയ്യേണ്ടി വരുന്ന എന്നതിനാലാണ് യാത്രാ ബത്ത അനുവദിക്കുന്നത് എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേവലം ആനുകൂല്യങ്ങൾക്ക് വേണ്ടി മാത്രം തൊഴിൽ കാർഡ് എടുക്കുകയും, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ തൊഴിൽ ചെയ്യാൻ തയ്യാറാകാതെ മാറിനിൽക്കുന്നവരുടെ തൊഴിൽ കാർഡ് റദ്ദ ചെയ്യേണ്ടതാണ്. യാത്രാ ബത്ത കൈപ്പറ്റുന്നവരുടെ അർഹത സംബന്ധിച്ച് സാക്ഷ്യപത്രം വ്യക്തതയോടെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മികച്ച രീതിയിൽ മുന്നോട്ടു കൊണ്ട് പോകാനും വ്യക്തമായി മോണിട്ടറിംഗ് നടത്താനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. വാർഷിക ധനകാര്യ പത്രിക പ്രകാരം 280000/- രൂപ മഴക്കാലപൂർവ്വ ശുചീകരണത്തിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ മഴക്കാല പൂർവ്വ ശുചീകരണത്തിന് 28 വാർഡുകളിലായി ആകെ 2587125/- രൂപ ചെലവഴിച്ചിട്ടുണ്ട്. വീണ്ടും 280000/- രൂപ മഴക്കാലപൂർവ്വ ശുചീകരണത്തിന് വേണ്ടി ചെലവഴിച്ചത് സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ലാത്തതാണ്. പദ്ധതി സംബന്ധിച്ച മോണിട്ടറിംഗിന്റെയും ഏകോപനത്തിന്റെയും പോരായ്മ ഇപ്രകാരം പ്രൊജക്ടുകളുടെ നിർവ്വഹണത്തിനും കാരണമാകാം. എല്ലാ വാർഡിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും, നഗരസഭയുടെ പദ്ധതിയിലും മഴക്കാല പൂർവ്വ ശുചീകരണത്തിന് ഒരേ കാലയളവിൽ തന്നെ തുക ചെലവഴിച്ചത് പ്രത്യേകം പരാമർശിക്കുന്നു.

1-40 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ കരാറിൽ ഏർപ്പെട്ടില്ല, നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം	72/2023-24
പ്രോജക്ടിന്റെ പേര്	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ
അടങ്കൽ	200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	187010/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ നം.	482/26-03-2024 – ₹29263.00 311/08-02-2024 – ₹157747.00

സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രൊജക്ട് പ്രകാരം 2023-24 വർഷം ആകെ 1,87,010/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/31-01-2025 ന് ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുതി ബോർഡിൽ നിക്ഷിപ്തമായ, അതേ സമയം കുത്തകവകാശത്തോടെയുള്ള പ്രവൃത്തിയാണ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്നും നഗരസഭയിൽ നിന്നുള്ള റിക്വസിഷന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് നഗരസഭ തന്നെ മുൻകൂർ ഡെപ്പോസിറ്റ് ചെയ്യുകയും തുടർന്ന് ബോർഡ് നഗരസഭയ്ക്ക് വേണ്ടി വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തി വരികയും ചെയ്യുന്നതായും, ആയത് കെ.എസ്.ഇ.ബി. യുടെ നിക്ഷിപ്ത ചുമതല ആയതിനാൽ കരാറിൽ ഏർപ്പെടേണ്ട ആവശ്യം ഇല്ലാത്തതാണ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് അംഗീകരിക്കത്തക്കതല്ല. സ.ഉ.(കൈ)നം.86/2022/LSGD/19-04-2022 : വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 12.2.5.(ഡി)(ii) : പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ നിക്ഷേപ പ്രവൃത്തി ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. മേൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് വേണ്ടി കെ.എസ്.ഇ.ബി.ക്ക് നൽകിയ 187010.00 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-41 കുര്യൻമല പ്ലേ ഗ്രൗണ്ട് നിക്ഷേപ പ്രവൃത്തി – പൂർത്തീകരിച്ചില്ല

പ്രൊജക്ട് നം.	181/2023-24
പ്രൊജക്ടിന്റെ പേര്	കുര്യൻമല കളിസ്ഥലം
അടങ്കൽ	300000/-
ചെലവ്	300000/- 274/09-01-2024
നിർവ്വഹണം	അസി. എഞ്ചിനീയർ

തുക കൈമാറിയത്	ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്

മൂവാറ്റുപുഴ നഗരസഭയിലെ കുര്യൻമല കളിസ്ഥലം എന്ന പ്രൊജക്ടിന് വേണ്ടി നഗരസഭയുടെ വിഹിതം ആയി 2023-24 ൽ 300000/- രൂപ സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. മേൽ പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായി ഫയലിൽ ഇല്ല. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/05.02.2025 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിൽ ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി നിക്ഷേപ പ്രവൃത്തിക്ക് തൻ വർഷം കൈമാറിയ 300000.00 രൂപ (മുൻ വർഷം കൈമാറിയ 700000/- രൂപ ഉൾപ്പെടെ ആകെ 1000000.00 രൂപ നൽകിയിട്ടുണ്ട്) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

1-42 ജനറൽ ഹോസ്പിറ്റൽ പേ വാർഡ്, ലതാ പാർക്ക് മെയിന്റനൻസ് എന്നീ പ്രൊജക്ടുകളുടെ നിർവ്വഹണം-അപാകതകൾ

സൂചന - ഫയൽ നം. SO – 292/21-22

സൂചന ഫയൽ പ്രകാരം ലതാ പാർക്ക് മെയിന്റനൻസ്, ജനറൽ ആശുപത്രി പേ വാർഡ് മെയിന്റനൻസ് സംബന്ധിച്ചും ഉള്ള വിവരങ്ങൾ പരിശോധിച്ചതിൽ ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച് പരാതി ഉള്ളതായും ആയത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് വിജിലൻസ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പരിശോധന നടത്തിയിട്ടുള്ളതായും കണ്ടു. ആയത് പ്രകാരം മൂവാറ്റുപുഴ നഗരസഭയുടെ 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട ജനറൽ ആശുപത്രി പേ വാർഡ് മെയിന്റനൻസ് (Project No. 300/22 MGNR), ലതാ പാർക്ക് മെയിന്റനൻസ് (Project No. 292/2021-22 CFC Grant) എന്നീ പ്രവൃത്തികൾക്ക് യഥാക്രമം 490000/- രൂപയുടെ ഭരണാനുമതിയും, സാങ്കേതിക അനുമതിയും ലഭിച്ചിട്ടുള്ളതായും ടി നിരക്ക് പ്രവൃത്തികൾ ഇ- ടെണ്ടർ മുഖേന ശ്രീ സബീഷ് പി.എം. എന്ന കരാറുകാരൻ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളതാണെന്നും ആയത് ടെണ്ടർ അംഗീകാരത്തിന് സമർപ്പിച്ചുവെങ്കിലും ഇതു വരെ അംഗീകാരം ലഭിച്ചിട്ടില്ലായെന്നും കാണുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി രണ്ട് പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങൾ സൈറ്റിൽ ചെയ്യേണ്ടത് അനിവാര്യമാണെന്ന് സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഫയൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.

1. മേൽ പ്രൊജക്ടുകളുടെ പരിശോധന റിപ്പോർട്ട് അയച്ചുകൊണ്ടുള്ള കത്ത് നം. ഇ- 13/7517/2022/LE/LID&EW തീയതി 06-10-2022 നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. മേൽ വർക്കുകൾ ചെയ്യുന്നതിന് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ.

2. ഇതു വരെ(മുൻ വർഷങ്ങളിൽ ഉൾപ്പെടെ) ചെയ്ത പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ

3. മേൽ പ്രൊജക്ടുകളുടെ നിലവിലുള്ള അവസ്ഥ

4. SO 153/2023-24 ഡ്രീം ലാന്റ് പാർക്ക് ബ്യൂട്ടിഫിക്കേഷൻ എന്ന പ്രൊജക്ടിന് വേണ്ടി 104316/- രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ട് നിർവ്വഹണം നടത്തിയതിന്റ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/28.01.2025 ന് ലഭ്യമാക്കിയ മറുപടിയിൽ പേ വാർഡ് പ്രവർത്തിക്കുമ്പോൾ പേ വാർഡിന്റെ ശുചി മുറികളിൽ നിന്നും കഠിനമായ ചോർച്ച നിലനിൽക്കുന്നതിനാൽ പരാമർശിത ശുചിമുറികൾ വാട്ടർ പ്രൂഫിംഗ് ചെയ്ത് പുനരുദ്ധരിക്കേണ്ടതിനാൽ ജനറൽ ആശുപത്രി പേ വാർഡ് മെയിന്റനൻസ് എന്ന പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടില്ലാത്തതായി അറിയിച്ചിട്ടുണ്ട്. ലതാ പാർക്ക് നവീകരണം പ്രവൃത്തി പൂർത്തീകരിച്ചാലും ലതാ പാർക്കിന്റെ പൂർണ്ണമായ ഉപയോഗത്തിന് കഴിയാതെ വരുമെന്നതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മെയിന്റനൻസായി ഒറ്റത്തവണയായി ചെയ്യുന്നതിനും ആയത് വഴി പാർക്ക് അടച്ചിടുന്നത് ഒഴിവാക്കുന്നതിനുമായി പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടില്ല. പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലെ അപാകതയാണ് ഇത് വ്യക്തമാക്കുന്നത്. അഞ്ച് വർഷം മുമ്പ് ആരംഭിച്ച നടപടികൾ നാളിതുവരെ നിർവ്വഹണം നടത്താതെ ഫണ്ട് വകയിരുത്തി മുന്നോട്ട് കൊണ്ട് പോകുന്നത് പദ്ധതി ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും അപാകതയാണ്. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അന്വേഷണം നടത്തേണ്ട സാഹചര്യം ഉണ്ടായതും പ്രത്യേകം പരാമർശിക്കുന്നു.

1-43 ഓഡിറ്റ് ഇംപാക്ട്

മൃഗാശുപത്രിയുടെ പുറക് വശത്ത് മതിൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ കരാറുകാരനായ ജെബിൻ ജോൺസൺ ടെണ്ടറിന്റെ ലെറ്റർ ഓഫ് അക്സപ്റ്റൻസ് തീയതി 28-12-2022 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കരാർ വച്ചിരിക്കുന്നത് 09-02-2023 ൽ ആണ്. കരാറിൽ ഏർപ്പെടുന്നതിന് വൈകിയതിന് 1821/- രൂപ പിഴ ഈടാക്കിയിട്ടില്ല എന്നത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം. 42/04-02-2025) നൽകിയതിനെത്തുടർന്ന് 1821.00 രൂപ കരാറുകാരനായ ശ്രീ ജെബിൻ ജോൺസൺ 06.02.2025 ലെ രസീത് നം. R- M070500-24017368 പ്രകാരം നഗരസഭയിൽ അടച്ചിട്ടുണ്ട്.

1-44 തെരുവ് വിളക്കുകളുടെ പരിപാലനം - അനർഹമായി തുക ചെലവഴിച്ചു.

ഓഡിറ്റ് വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പ്രൊജക്ടിൽ ആകെ 15,21,094/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ചതിൽ ഏജൻസി ചാർജ്ജ് ഇനത്തിൽ (ചെക്ക് മെഷർമെന്റ് നടത്തിയതിന്)

ജോയ് എം.കെ., ജോർജ്ജ് കെ.ജെ എന്നീ വ്യക്തികൾക്ക് ആകെ 31,558/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തെരുവുവിളക്ക് പരിപാലനം എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് എടുക്കുകയോ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ ചെക്ക് മെഷർമെന്റ് നടത്തുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതാണ്. ഇതൊന്നും പ്രവൃത്തിയുടെ ഭാഗമായി നടത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ ഈ ഇനത്തിൽ നൽകിയ 31,558/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. വിശദവിവരം ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-45 അനർഹമായി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടി കാര്യക്ഷമമല്ല.

സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ കര്യക്ഷമമല്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മരണപ്പെട്ടതും പുനർവിവാഹം ചെയ്തതുമായ പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അനർഹമായി ക്രെഡിറ്റ് ചെയ്തിട്ടുള്ള തുക എല്ലാം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ട് അക്കൌണ്ടിലേക്ക് (001101023000269: IFSC KSBK 0000101) അടവാക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട ബാങ്കിന് താഴെ ചേർക്കും പ്രകാരം മുനിസിപ്പാലിറ്റി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുകകൾ തിരികെ ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയതായി കാണുന്നില്ല. ബാങ്കിന് കത്ത് നൽകിയതല്ലാതെ തുക അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായുള്ള തുടർ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുമില്ല.

പെൻഷണറുടെ പേര് / നം.	മരണപ്പെട്ട തീയതി	അനർഹമായ തുക	ബാങ്കിന്റെ പേര്	കത്ത് നമ്പർ
ഹസ്സൻകുഞ്ഞ് മുടവനാശ്ശേരി	14.02.2020	കണക്കാക്കിയിട്ടില്ല.	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ മൂവാറ്റുപുഴ	ജി.6-8237/17/ 3.8.23. പെൻഷൻ 2023 ആഗസ്റ്റ് മാസം മുതൽ റദ്ദ് ചെയ്തിട്ടുള്ളതിനാൽ അനർഹമായി അക്കൗണ്ടിലേക്ക് വന്നിട്ടുള്ള തുക തിരികെ ഒടുക്കണം
ഖദീജ. വടക്കേപുത്തൻപുര.	24.02.2022	₹16000	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ മൂവാറ്റുപുഴ	ജി.6-8237/17/ 10.8.23.
ശാന്ത ഗോപി, തേക്കനാട്ട്	05.02.2023	₹11200	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ മൂവാറ്റുപുഴ	ജി.6-8237/17/ 01.09.23.
മൈതീൻ പരീത് നടാലിൽ	18.08.2023	₹4800	യൂക്കോ ബാങ്ക് മൂവാറ്റുപുഴ	ജി.6-8237/17/ 14.05.2024
നാജ ഷിയാസ്, പാലത്തിങ്കൽ	28.05.2023 (പുനർ വിവാഹം)	₹20800	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ മൂവാറ്റുപുഴ	നം.1954063- 2024 / 26.09.2024
കേശവൻ നായർ, പുത്തൻപുരയിൽ	11.08.2023	₹17600	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ മൂവാറ്റുപുഴ	നം.2168630- 2024/ 26.09.2024

മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഷ്കരിച്ചുകൊണ്ട് 02.08.2021 ൽ63/2021/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. അനർഹമായി വിതരണം ചെയ്യപ്പെട്ട തുകകൾ തിരികെ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് അക്കൌണ്ടിലേക്ക് മുതൽ കൂട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി ഇക്കാര്യം പഞ്ചായത്ത് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണർക്കും നിരാലംബരുമായവർക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അനുവദിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം അനർഹരായവർ കൈക്കലാക്കുന്നത് തടയേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. അനർഹമായി ഈ പെൻഷനുകൾ കൈപ്പറ്റുന്ന സാഹചര്യവും ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വ്യാജരേഖകൾ ചമച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ പെൻഷൻ

അടിയന്തിരമായി റദ്ദ് ചെയ്യേണ്ടതും കൈപ്പറ്റിയ പെൻഷൻ തുക 18% പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതും അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിന് സഹായകരമായ രീതിയിൽ അന്വേഷണവും പരിശോധനയും നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണെന്ന് 12.12.2024 ലെ 71/2024/ ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതാണ്.

1-46 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

മുനിസിപ്പാലിറ്റിയുടെ 1996-97 മുതൽക്കുള്ള 30ഓളം ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് നഗരസഭയെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല.

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് മുനിസിപ്പൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-47 സർവ്വീസ് പെൻഷൻ വിതരണവിവരങ്ങളും അപാകതകളും

മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ നിന്നും നിലവിൽ 48 റഗുലർ പെൻഷണർമാർക്കും 57 കണ്ടിജന്റ് പെൻഷണർമാർക്കുമാണ് പെൻഷൻ വിതരണം നടത്തുന്നത്. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം പെൻഷണർമാരുടെ പെൻഷൻ സ.ഉ.(അ)30/2021/ധന/12.02.2021, സ.ഉ.(അ) 35/2021/ധന /23.02.2021 എന്നീ ഉത്തരവുകൾ പ്രകാരവും കണ്ടിജന്റ് വിഭാഗം പെൻഷണർമാരുടെ പെൻഷൻ സ.ഉ.(അ)168/2021/ധന/08.12.2021 ഉത്തരവ് പ്രകാരവും, 01.07.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് പെൻഷൻ ബുക്കുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1-47-1 റഗുലർ പെൻഷൻ

A) റഗുലർ പെൻഷണർമാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E (A+b+c+d)
A.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	38	11	-	-	49
B.	തൻവർഷം അനുവദിക്കപ്പെട്ടവർ	0	2	-	-	2
C.	തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ	2	1	-	-	3
D.	വർഷാവസാനം ഉള്ള പെൻഷണർമാർ (A+b) - (C)	36	12	-	-	48

B) പെൻഷൻ വിതരണവിവരം : ഓഡിറ്റ് വർഷം റഗുലർ പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം **1,13,54,880**/-രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	വൗച്ചർ നം./ ചെക്ക് നം.	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
04/2023	852373/ 3.4.23	7,94,609	1,55,594	-	-	9,50,203	9,50,203 3.4.2023
05/2023	636236/ 3.5.23	7,67,627	1,55,594	-	-	9,23,221	9,23,221 3.5.2023
06/2023	656247/ 1.6.23	7,59,650	1,55,594	-	-	9,15,244	9,15,244 1.6.23
07/2023	688649/ 3.7.23	7,30,883	1,55,594	-	-	8,86,477	8,86,477 3.7.2023
08/2023	711021/ 1.8.23	7,30,883	1,55,594	-	-	8,86,477	8,86,477 1.8.2023
08/2023 അരിയർ	742197/ 22.8.23	89,336	-	-	-	89,336	89,336 24.8.2023

09/2023	742220/ 5.9.23	7,30,883	1,84,597	-	-	9,15,480	9,15,480 7.9.2023
10/2023	784929/ 3.10.23	7,30,883	1,84,597	-	-	9,15,480	9,15,480 3.10.2023
10/2023 പെൻഷൻ റിവിഷൻ അരിയർ	790664/ 13.10.2023	3,62,252	-	-	-	3,62,252	3,62,252 20.10.2023
11/2023	802155/ 1.11.23	7,30,883	1,71,259	-	-	9,02,142	9,02,142 1.11.2023
12/2023	844633/ 1.12.23	7,30,883	1,71,259	-	-	9,02,142	9,02,142 1.12.2023
01/2024	881456/ 1.1.24	7,30,883	1,71,259	-	-	9,02,142	9,02,142 3.1.2024
02/2024	890109/ 2.2.24	7,30,883	1,71,259	-	-	9,02,142	9,02,142 3.2.2024
03/2024	923953/ 1.3.24	7,30,883	1,71,259	-	-	9,02,142	9,02,142 1.3.2024
ആകെ		**93,51,421**	**20,03,459**	-	-	**1,13,54,880**	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

ജീവനക്കാരുടെ പെൻഷൻ ഫണ്ട് സൂക്ഷിക്കുന്നതിനായി മുനിസിപ്പാലിറ്റിയിൽ പ്രത്യേക അക്കൌണ്ട് സൂക്ഷിക്കുന്നില്ല. നിലവിൽ തനത് ഫണ്ട് ബാങ്ക് അക്കൌണ്ടിൽ നിന്നുമാണ് (നം. 00000057021214756 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മൂവാറ്റുപുഴ ശാഖ) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്. റഗുലർ പെൻഷൻ വിതരണത്തിനായി തയ്യാറാക്കുന്ന ചെക്കിൽ കണ്ടിജന്റ് പെൻഷൻ, ജീവനക്കാരുടെ ശമ്പളം എന്നിവ ഉൾപ്പെടെയുടെയുള്ള ചെലവ് തുകകളും കൂടി ഉൾപ്പെടുത്തിയാണ് തുക മാറുന്നത്. ഇക്കാരണത്താൽ പെൻഷൻ വിതരണപരിശോധന കൂടുതൽ സങ്കീർണ്ണമാകുന്നു. പെൻഷൻ വിതരണത്തിനായി പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിച്ച് അതിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകകളും ആയത് ലഭിക്കാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നുള്ള തുകയും നിക്ഷേപിച്ച് ഈ അക്കൗണ്ടിൽ നിന്ന് മാത്രം പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ഓരോ പെൻഷണറുടെയും വ്യക്തിഗത വിവരങ്ങൾ പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവത്തിൽ ഒരോ പെൻഷണറുടെയും പെൻഷൻ വിതരണ വിവരങ്ങൾ ഒറ്റ നോട്ടത്തിൽ ലഭ്യമാകുന്ന സാഹചര്യം ഇല്ലായെന്നും പെൻഷൻ വിതരണ പരിശോധനയെ തടസ്സപ്പെടുത്തുന്നു.

D) പെൻഷൻ രേഖകൾ ലഭ്യമല്ല

മുനിസിപ്പാലിറ്റിയിൽ നിന്നും കുടുംബപെൻഷൻ നൽകിവരുന്ന ശ്രീമതി എം.കെ. ലക്ഷ്മി എന്നവരുടെ പെൻഷൻ ബുക്ക് കുടുംബ പെൻഷൻ സാങ്ങ്ഷൻ ഓർഡർ തുടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

E) പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം:

സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക ശമ്പളബില്ലുകളിൽ കണക്കാക്കി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈ തുകകൾ യഥാസമയം ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിന്റെ 799011400007305 -ാം നമ്പർ അക്കൗണ്ടിലേക്ക് അടവാക്കുന്നില്ല. മാത്രമല്ല സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനാവശ്യമുള്ള തുക ആവശ്യപ്പെട്ടുള്ള റിക്വിസിഷനുകൾ നഗരസഭ നൽകുന്നതായി കാണുന്നില്ല. മുനിസിപ്പാലിറ്റി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് 31,07,217/- രൂപ തൻവർഷം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കുവാനുണ്ട്. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

മാസം	അടവാക്കേണ്ടത്	അടവാക്കിയത്	വൌച്ചർ നം./ ചെക്ക് നം.	അടവാക്കാൻ ബാക്കി
04/2023	2,41,313	-	-	2,41,313
05/2023	2,41,433	-	-	2,41,433
06/2023	2,31,725	-	-	2,31,725
07/2023	2,34,179	-	-	2,34,179
08/2023	2,46,105	-	-	2,46,105
09/2023	2,63,667	-	-	2,63,667
10/2023	2,68,605	-	-	2,68,605
11/2023	2,69,956	-	-	2,69,956
12/2023	2,79,110	-	-	2,79,110
01/2024	2,75,327	-	-	2,75,327
02/2024	2,75,072	-	-	2,75,072
03/2024	2,80,725	-	-	2,80,725
ആകെ	**31,07,217**	-	-	**31,07,217**

വാർഷിക ധനകാര്യ പത്രിക പ്രകാരം (ബി.9 ഷെഡ്യൂൾ: 350110600 Contribution To Central Pension Fund Payable) മുന്നിരുപ്പ്

ഉൾപ്പെടെ 2,66,44,764 രൂപ മുനിസിപ്പാലിറ്റി പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കാനുണ്ട്.

F) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം:

മാസം	തുക	ഉത്തരവ് നം / ചെക്ക് നം.	മുതൽക്കൂട്ടിയ ബാങ്ക് അക്കൌണ്ട് നം.
തൻവർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടില്ല.			

G) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം:

തൻവർഷം നഗരസഭയിൽ പെൻഷൻ അനുവദിച്ചവർക്ക് താഴെ ചേർക്കും പ്രകാരം 13,37,458/- രൂപ ഈയിനത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ഇനം	തുക	വൗച്ചർ നം./ ചെക്ക് നം.	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി
കമ്മ്യൂട്ടേഷൻ: അല്ലി പീറ്റർ	3,12,720	623266/ 20.4.2023	3,12,720/- 20.4.2023
കമ്മ്യൂട്ടേഷൻ: ഷേർളി പോൾ	3,12,720	623266/ 20.4.2023	3,12,720/- 20.4.2023
കമ്മ്യൂട്ടേഷൻ: രാജൻ എൻ.കെ.	2,24,908	648010/ 11.5.2023	2,24,908/- 11.5.2023
ഡി.സി.ആർ.ജി.: രാജൻ എൻ.കെ.	1,87,110	648010/ 11.5.2023	1,87,110/- 11.5.2023
ഡി.സി.ആർ.ജി.: ഷേർളി പോൾ	3,00,000	648010/ 11.5.2023	3,00,000/- 11.5.2023
ആകെ	**13,37,458**		

H) നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ള പെൻഷൻ തുക

വാർഷിക ധനകാര്യ പത്രിക പ്രകാരം തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭിക്കാനുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കോഡ്	ശീർഷകം	തുക
431409901	അദർ റിസീവബിൾസ് (കറണ്ട്)	1,23,37,903
431409902	അദർ റിസീവബിൾസ് (അരിയർ)	5,20,13,573

പെൻഷനും മറ്റ് പെൻഷനറി ബെനിഫിറ്റ്സും കൂടി തൻവർഷം തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്തത് 1,29,29,338/- (1,13,54,880 (റഗുലർ പെൻഷൻ) + 13,37,458 (കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി) + 2,37,000 (മെഡിസെപ്പ്)) രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഇത് 1,23,37,903/- രൂപയാണ്. 5,91,435/- രൂപയുടെ വ്യത്യാസം ഉണ്ട്. നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക കണക്കാക്കിയതിൽ വ്യത്യാസം വരുവാനുണ്ടായ കാരണം വിശദീകരിക്കേണ്ടതും ബാലൻസ് ഷീറ്റിൽ ആയത് ക്രമപ്പെടുത്തേണ്ടതുമാണ്.

1-47-2 കണ്ടിജന്റ് പെൻഷൻ

A) കണ്ടിജന്റ് പെൻഷണർമാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	*B*	*C*	*D*	*E (A+b+c+d)*
A.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	42	10	1	1	54
B.	തൻവർഷം അനുവദിക്കപ്പെട്ടവർ	4	1	-	-	5
C.	തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ	1	1	-	-	2
D.	വർഷാവസാനം ഉള്ള പെൻഷണർമാർ (A+b) - (C)	45	10	1	1	57

B) പെൻഷൻ വിതരണവിവരം: ഓഡിറ്റ് വർഷം കണ്ടിജന്റ് പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം 1,09,91,041രൂപ വിതരണം ചെയ്തിട്ടുണ്ട്.

മാസം	വൗച്ചർ നം./ ചെക്ക് നം.	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബപെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി

04/2023	852373/ 3.4.23	6,49,818	1,25,866	20,400	677	7,96,761	7,96,761 3.4.2023
04/2023 പെൻഷൻ അരിയർ	623266/ 20.4.23	72,600	-	-	-	72,600	72,600 27.4.2023
05/2023	636236/ 3.5.23	6,31,563	1,50,476	20,400	677	8,03,116	8,03,116 3.5.2023
05/2023 പെൻഷൻ റിവിഷൻ അരിയർ	636233/ 2.5.23	9,52,669	-	-	-	9,52,669	9,52,669 3.5.2023
05/2023 പെൻഷൻ റിവിഷൻ അരിയർ	656241/ 24.5.23	33,367	-	-	-	33,367	33,367 24.5.2023
06/2023	656247/ 1.6.23	6,31,563	1,38,171	20,400	677	7,90,811	7,90,811 1.6.2023
07/2023	688649/ 3.7.23	6,31,563	1,38,171	20,400	677	7,90,811	7,90,811 3.7.2023
08/2023	711021/ 1.8.23	6,16,080	1,38,171	20,400	677	7,75,328	7,75,328 1.8.2023
09/2023	742220/ 5.9.23	6,51,034	1,38,171	20,400	677	8,10,282	8,10,282 7.9.2023
09/2023 പെൻഷൻ അരിയർ	766067/ 21.9.23	73,830	-	-	-	73,830	73,830 21.9.2023
10/2023	784929/ 3.10.23	6,51,034	1,38,171	20,400	677	8,10,282	8,10,282 3.10.2023
11/2023	802155/ 1.11.23	6,51,034	1,38,171	20,400	677	8,10,282	8,10,282 1.11.2023
12/2023	844633/ 1.12.23	6,40,707	1,25,871	20,400	677	7,87,655	7,87,655 1.12.2023
01/2024	881456/ 1.1.24	6,60,717	1,25,871	20,400	677	8,07,665	8,07,665 3.1.2024
02/2024	890110/ 2.2.24	6,70,566	1,25,871	20,400	677	8,17,514	8,17,514 3.2.2024
03/2024	923953/ 1.3.24	6,67,066	1,25,871	20,400	677	8,14,014	8,14,014 1.3.2024
03/2024 പെൻഷൻ അരിയർ	923971/ 6.3.24	1,61,419	-	-	-	1,61,419	1,61,419 6.3.2024
03/2024 പെൻഷൻ അരിയർ	950033/ 20.3.24	82,635	-	-	-	82,635	82,635 20.3.2024
ആകെ		**91,29,265**	**16,08,852**	**2,44,800**	**8,124**	**1,09,91,041**	

C) പെൻഷൻ വിതരണത്തിലെ അപാകതകൾ

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി "മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് " എന്ന പേരിൽ തൊട്ടടുത്തുള്ള ട്രഷറി സേവിങ്ങ്സ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ മാസവും ഓരോ കണ്ടിജന്റ് ജീവനക്കാരന്റെയും വേതനത്തിന്റെ 15% വരുന്ന തുക ഈ അക്കൌണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട് (ചട്ടം 7(2)). എന്നാൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ഇത്തരത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. തനത് ഫണ്ട് ബാങ്ക് അക്കൌണ്ടിൽ നിന്നുമാണ് (നം. 00000057021214756 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മൂവാറ്റുപുഴ ശാഖ) പെൻഷൻ വിതരണത്തിനായി തുക ചെലവഴിക്കുന്നത്.

ഓരോ പെൻഷണർമാരുടെയും വ്യക്തിഗത വിവരങ്ങൾ പെൻഷൻ വിതരണ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

D) പെൻഷൻ രേഖകൾ ലഭ്യമല്ല

മുനിസിപ്പാലിറ്റിയിൽ നിന്നും പെൻഷൻ നൽകിവരുന്ന താഴെ ചേർക്കുന്ന പെൻഷണർമാരുടെ പെൻഷൻ ബുക്ക്, കുടുംബ പെൻഷൻ സാങ്ങ്ഷൻ ഓർഡർ തുടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

1. ശ്രീ.സി.ഇ.ഹമീദ് (പെൻഷനർ)

2. ശ്രീമതി. തങ്കമ്മ അയ്യപ്പൻ (കുടുംബ പെൻഷനർ)

3. ശ്രീമതി.കെ.സി.ലക്ഷ്മിക്കുട്ടി (പെൻഷനർ)

4. ശ്രീ.ടി.എ.മത്തായി (പെൻഷനർ)

E) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം

ഇനം		തുക	വൗച്ചർ നം./ ചെക്ക് നം.
കമ്മ്യൂട്ടേഷൻ	കുമാരി പി.കെ.	10,65,955	623266/20.4.2023
കമ്മ്യൂട്ടേഷൻ	സുജാത പി.എൻ	2,70,756	623266/20.4.2023
ഡി.സി.ആർ .ജി. അരിയർ	രാജമ്മ പി.കെ	25,344	623266/20.4.2023
ഡി.സി.ആർ .ജി. അരിയർ	പി.എ.മുഹമ്മദാലി	45,110	623266/20.4.2023
ഡി.സി.ആർ .ജി. അരിയർ	അബ്രഹാം പി.കെ.	48,640	623266/20.4.2023
ഡി.സി.ആർ .ജി. അരിയർ	പി.എ.കുര്യാക്കോസ്	1,19,200	623266/20.4.2023
ഡി.സി.ആർ .ജി. അരിയർ	പി.എ.മത്തായി	80,560	623266/20.4.2023
കമ്മ്യൂട്ടേഷൻ	അല്ലി കെ.ആർ	2,70,756	623266/20.4.2023
ഡി.സി.ആർ .ജി.	കുമാരി പി.കെ.	7,31,666	648010/ 11.5.2023
ഡി.സി.ആർ .ജി.	അല്ലി കെ.ആർ.	2,28,552	648010/ 11.5.2023
ഡി.സി.ആർ .ജി.	സുജാത പി.എൻ.	2,28,552	648010/ 11.5.2023
കമ്മ്യൂട്ടേഷൻ	കെ.കെ.ഗോപാലൻ	9,96,618	812826/17.11.2023
കമ്മ്യൂട്ടേഷൻ	വി.സി.ശശി	5,41,512	826385/15.12.2023
കമ്മ്യൂട്ടേഷൻ	സാവിത്രി ഇ. എ.	5,41,512	938577/ 7.3.2024
കമ്മ്യൂട്ടേഷൻ	ലീല ചാക്കോ	9,74,840	938577/ 7.3.2024
ഡി.സി.ആർ .ജി.	വി.സി.ശശി	2,86,867	950033/20.3.2024
ആകെ		**64,56,440**	

1-48 IBPMS മുഖേനയുള്ള പെർമിറ്റ് ഫീസ് ലഭ്യമായതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

നഗരസഭകളിലെ ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 09.09.2021 തീയതിയിലെ ജി.ഒ (ആർ.റ്റി) നമ്പർ 1711/2021 തസ്വഭവ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിന് ഐ.ബി.പി.എം.എസ് (ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം) എന്ന പേരിൽ എല്ലാ നഗരസഭകളിലും പെർമിറ്റ് നൽകുന്നതിനായി സോഫ്റ്റ്‌വെയർ നടപ്പാക്കിയിരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന പൊതുജനങ്ങൾക്ക് 300 ച.മീ. താഴെ വിസ്തീർണ്ണത്തിലുള്ള കെട്ടിടങ്ങൾ നിർമ്മാണം നടത്തുന്നതിനുള്ള പെർമിറ്റിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും തുടർ നടപടികൾ ഓൺലൈനായി തന്നെ സ്വീകരിച്ച് പെർമിറ്റ് ലഭ്യമാക്കുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. 01-01-2024 മുതൽ നഗരസഭകളിൽ കെ-സ്മാർട്ട് എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിവരുന്നത്. നഗരകാര്യ വകുപ്പ് ഡയറക്ടർ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും അയച്ച 22-03-2021 ലെ ഡി.സി.2-8941/15 നമ്പർ കത്തിൽ IBPMS ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ നഗരസഭകളോടും ടി ആവശ്യത്തിലേക്കായി എസ്.ബി.ഐ - യുടെ ശാഖയിൽ കറണ്ട് അക്കൗണ്ട് എടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മൂവാറ്റുപുഴ നഗരസഭയിൽ മേൽ കത്ത് പ്രകാരം അക്കൗണ്ട് തുടങ്ങിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. മാന്വലായി അപേക്ഷകളോ, രജിസ്റ്ററോ, ഫയലുകളോ സൂക്ഷിക്കാത്തതിനാലും ഈ സോഫ്റ്റ്‌വെയറുകളിൽ കൃത്യമായ മൊഡ്യൂൾ തയ്യാറാക്കി ഓഡിറ്റിന് പരിശോധിക്കാൻ ലോഗിൻ സംവിധാനം ലഭ്യമല്ലാത്തതിനാലും 2023-24 വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകളിൽ കൃത്യമായ ഓഡിറ്റ് പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ല. സ്ഥാപനം മാന്വലായി ലഭ്യമാക്കിയ ഫയലുകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്. നഗരസഭകളിലെ വിവിധ സേവനങ്ങൾ സംബന്ധിച്ച സോഫ്റ്റ്‌വെയറുകൾ ഈ വിധം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഓരോ സോഫ്റ്റ്‌വെയർ കാലയളവിലും ഇഷ്യൂ ചെയ്ത പെർമിറ്റുകളുടെ ഫീസ് ബന്ധപ്പെട്ട നഗരസഭാ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. പെർമിറ്റുമായി ബന്ധപ്പെട്ട് IBPMS സോഫ്റ്റ്‌വെയർ മുഖേന ഇഷ്യൂ ചെയ്യുന്ന പെർമിറ്റുകളുടെ ഫീസ് നേരിട്ട് മുനിസിപ്പാലിറ്റി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നില്ല. ഇന്റർ മീഡിയറി/ പൂൾ അക്കൗണ്ടിൽ വരുന്ന തുക ബൾക്ക് പോസ്റ്റിങ്ങായാണ് നഗരസഭ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നത്. എന്നാൽ നഗരസഭ IBPMS മുഖേന ലഭ്യമാകുന്ന തുകകൾ ക്രഡിറ്റാകുന്ന അക്കൗണ്ട് സംബന്ധിച്ച വിവരങ്ങളോ, IBPMS സോഫ്റ്റ്‌വെയർ മുഖേന ഇഷ്യൂ ചെയ്ത പെർമിറ്റ് വിവരങ്ങളോ, IBPMS സോഫ്റ്റ്‌വെയർ മുഖേന തുക ഒടുക്കിയതിന്റെ ചെലാൻ വിവരങ്ങളോ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ കൃത്യത പരിശോധിക്കേണ്ടതാണ്. കൂടാതെ നാളിതുവരെ IBPMS സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ ഫീസിനത്തിലുള്ള തുക പൂർണ്ണമായും നഗരസഭ അക്കൗണ്ടിൽ എത്തിയിട്ടുണ്ടോ എന്നത് ഉറപ്പുവരുത്തേണ്ടതുമാണ്.

IBPMS-ലൂടെ അല്ലാതെ മാന്വൽ ആയി നൽകുന്ന പെർമിറ്റ് ഫയലുകളിൽ പെർമിറ്റ് ഫീസിനോടൊപ്പം 5% സേവനനിരക്ക് ഈടാക്കി വരുന്നുണ്ട്. 08.03.2019-ലെ സ.ഉ(അച്ചടി) നം.28/2019/ധന ഉത്തരവ് പ്രകാരം 01.04.2019 മുതൽ 5% കൂടി എല്ലാ നികുതിയേതര വരുമാനത്തിലും അധികമായി സേവനനിരക്ക് ഈടാക്കാൻ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസിന്റെ 10% സേവനനിരക്കായി ഈടാക്കി വരുന്നുണ്ട്. എന്നാൽ IBPMS ലൂടെ നൽകുന്ന പെർമിറ്റുകൾക്ക് പ്രസ്തുത നിരക്ക് ഈടാക്കുന്നതിനുള്ള ക്രമീകരണം സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതിനാൽ 10% സേവനനിരക്ക് ഈടാക്കുന്നില്ല.

IBPMS, കെ-സ്മാർട്ട് എന്നിവ മുഖേന ലഭിക്കേണ്ട പെർമിറ്റ് തുകയുടെ കൃത്യമായ കണക്ക് ഡിമാന്റ്, കളക്ഷൻ സ്റ്റേറ്റ്മെന്റ് തുക, ക്രഡിറ്റ് ചെയ്ത ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ച് പെർമിറ്റ് ഫീസ് തുകയുടെ ആധികാരിക റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഈ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ IBPMS മുഖേനയുള്ള അക്കൗണ്ട് റീകൺസിലിയേഷൻ നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വസ്തുനികുതി നിർണ്ണയിച്ചിടാക്കിയിതിൽ കുറവ്. ₹86,867/- യുടെ വരവ് നഷ്ടം

നഗരസഭയിലെ 10-ാം വാർഡിൽ സ്ഥിതിചെയ്യുന്നതും തൻവർഷം രണ്ട് കെട്ടിട നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിട്ടുള്ളതുമായ ശ്രീ.അലികുഞ്ഞ്, ചെറുകപ്പിള്ളിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ബഹുനില കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ സംഭവിച്ച പിഴവ് ഇതോടൊപ്പം നൽകുന്നു. 1124.01 ച.മീ.വിസ്തീർണ്ണത്തിലുള്ള കെട്ടിട ഭാഗത്തിന് 145/G, എന്നും 1325.01 ച.മീ.വിസ്തീർണ്ണത്തിലുള്ള കെട്ടിട ഭാഗത്തിന് 145 / H എന്നീ നമ്പറുകൾ നൽകി. വാണിജ്യാവശ്യത്തിന് 200 ച.മീ.ന് മുകളിൽ തറവിസ്തീർണ്ണം ഉള്ള ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗ ഗണത്തിൽ ഉൾപ്പെടുത്തി 2013 ലെ പഴയ നിരക്കായ 130/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയാണ് വാർഷിക വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. എന്നാൽ 2023 ലെ പുതുക്കിയ വസ്തുനികുതി നിരക്കായ 150/- പ്രകാരമാണ് നികുതി നിർണ്ണയം നടത്തേണ്ടിയിരുന്നത്. ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പടെ ആകെ ₹86,721.21(33,735.71+52,985.5) ഈ ഇനത്തിൽ കുറവ് വന്നിട്ടുള്ളതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും നിലവിൽ ഈടാക്കിയ വസ്തുനികുതി വിവരങ്ങളും ഈടാക്കേണ്ട വസ്തു നികുതി വിവരങ്ങളും ചുവടെ പട്ടികയിൽ ചേർക്കുന്നു.

കെട്ടിട നം/ വാർഡ് നം	കെട്ടിട വിസ്തീർണ്ണം (ച.മീ)	ഈടാക്കിയ വസ്തു നികുതി (സോഫ്റ്റ്‌വെയർ ഫോറം 6 പ്രകാരം)							ഈടാക്കേണ്ട വസ്തു നികുതി							ഈടാക്കിയതിൽ കുറവ് (16-9)
		നിരക്ക്/ നികുതി	വർദ്ധനവ് തുക / ഇനം	ഇളവ് തുക/ ഇനം	ആകെ (3+4-5)	ലൈബ്രറി സെസ്സ്	സർവ്വീസ് ചാർജ്ജ്	ആകെ (6+7+8)	നിരക്ക്/ നികുതി	വർദ്ധനവ് തുക / ഇനം	ഇളവ് തുക/ ഇനം	ആകെ (10+11-12)	ലൈബ്രറി സെസ്സ്	സർവ്വീസ് ചാർജ്ജ്	ആകെ (13+14 +15)	
1	2	3	4	5	6	7	8.	9	10	11	12	13	14	15	16	17
10/145 / G	1124.01	130/ 1,46,121.3	65754.585/- [1)വഴി സൗകര്യം (29224.26) 2)തറ നിർമ്മിതി (21918.195) 3)എയർ കണ്ടീഷനിംഗ് (14612.13)]	21187.6/- [ബഹുനില വാണിജ്യാവശ്യ ത്തിനുള്ള ഇളവ്]	1,90,689	9,535	19,069	219293	150/ 1,68,601.5	75,870.675/- [1)വഴി സൗകര്യം (33,720.3) 2)തറ നിർമ്മിതി (25,290.225) 3)എയർ കണ്ടീഷനിംഗ് (16,860.15)]	24,447.217/- [ബഹുനില വാണിജ്യാ വശ്യത്തി നുള്ള ഇളവ്]	2,20,025	11,002	22,002.5	2,53,030	33,737
10/145 / H	1325.01	130/ 1,72,251.3	77513.085 [1)വഴി സൗകര്യം (34450.26) 2)തറ നിർമ്മിതി (25837.695) 3)എയർ കണ്ടീഷനിംഗ് (17225.13)]	37,464.75 [ബഹുനില വാണിജ്യാവശ്യ ത്തിനുള്ള ഇളവ്]	2,12,301	10,616	21,231	244148	150/ 1,98,751.5	89,438.175 [1)വഴി സൗകര്യം (39,750.3) 2)തറ നിർമ്മിതി (29,812.725) 3)എയർ കണ്ടീഷനിംഗ് (19,875.15)]	28818.90 [ബഹുനില വാണിജ്യാവശ്യ ത്തിനുള്ള ഇളവ്]	2,59,371	12,969	25,937.07	298278	54,130
ആകെ																87,867

മേൽ വിവരിച്ച കെട്ടിടങ്ങളിലെ (145/G,145/H) വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമായ മറുപടിയിൽ 10.05.2023 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഷോപ്പിംഗ് മാളുകൾക്ക് ₹150/- നിരക്ക് നിശ്ചയിച്ചിട്ടുള്ളതാണെന്നും ആയത് സഞ്ചയയിൽ ഒക്ടോബർ 2023 മുതലാണ് പുതിയ നിരക്കിൽ അസസ്സ്മെന്റ് ചെയ്ത് വന്നത് എന്നും വ്യക്തമാക്കുന്നു. പ്രസ്തുത കെട്ടിടങ്ങൾ ജൂൺ 2023 ൽ അസസ്സ്മെന്റ് നടത്തിയതിനാൽ പഴയ നിരക്കിൽ(₹130/-) തുക സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വിവരിക്കുന്നു. കൂടാതെ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയം എ ഡി എം എസ് വഴി ക്രമീകരിച്ച് നഷ്ടം സംഭവിച്ച തുക ഈടാക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിക്കുന്നു.

മുനിസിപ്പൽ പ്രദേശത്ത് ഈ കാലയളവിൽ വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തി നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പട്ടികയിൽ വിവരിച്ചിട്ടുള്ളതിൻ പ്രകാരം ഈടാക്കേണ്ട വാർഷിക വസ്തു നികുതിയിൽ ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് ഉൾപ്പടെ ആകെ കുറവ് വന്നിട്ടുള്ള ₹87,867/- നഷ്ട തുക കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ടെക്നോളജി കോൺക്ലേവ് - നഗരസഭാ വിഹിതം അധികം അടവാക്കി - ഒരു ലക്ഷം രൂപ നഷ്ടം.

പ്രോജക്ട്	അന്താരാഷ്ട്ര ടെക്നോളജി കോൺക്ലേവ് നടത്തിപ്പിനുള്ള നഗരസഭാ വിഹിതം (എസ്.140/24)
അടങ്കൽ	₹100,000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)
ചെലവ് വിവരം	1) ₹100,000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) C072312419693/ 7.7.2023 2) ₹100,000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) C012404320427/ 6.1.2024
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി, മുനിസിപ്പാലിറ്റി

സ.ഉ.(സാധാ) നം. 24/2023/ത.സ്വ.ഭ.വ./ 05.01.2023, സ.ഉ.(സാധാ) നം. 512/2023/ത.സ്വ.ഭ.വ./07.01.2023 എന്നീ ഉത്തരവുകൾ പ്രകാരം ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ കൊച്ചി മറൈൻ ഡ്രൈവിൽ നടത്തിയ GEX Kerala '23 എന്ന പരിപാടിക്കായി നഗരസഭകൾ തനത് ഫണ്ടിൽ നിന്നോ ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നോ ഒരു ലക്ഷം രൂപ വിഹിതം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും ഒരു ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

7.7.2023 ലെ പി.പി.എ. (പ്രിന്റ് പേയ്മെന്റ് അഡ്വൈസ്) പ്രകാരം ഒരു ലക്ഷം രൂപ ശുചിത്വ മിഷൻ ഡയറക്ടറുടെ , തിരുവനന്തപുരം നന്തൻകോട് എസ്.ബി.ഐ. യിലെ 30520816966 -ാം നമ്പർ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ തുക 12.07.2023 ൽ ബാങ്ക് അക്കൌണ്ടിൽ നിന്നും ഡെബിറ്റ് ആയിട്ടുണ്ട്. എന്നാൽ ഈ ബിൽ പാസ്സായിട്ടില്ല എന്നും വീണ്ടും പി.പി.എ. സമർപ്പിക്കുന്നതിന് ബാങ്കിൽ നിന്നും ആവശ്യപ്പെട്ടു എന്ന് രേഖപ്പെടുത്തി 6.1.2024 ൽ വീണ്ടും പി.പി.എ.തയ്യാറാക്കി നൽകുകയും ഒരു ലക്ഷം രൂപ ഈ തീയതിയിൽ ബാങ്ക് അക്കൌണ്ടിൽ നിന്നും ഡെബിറ്റ് ആവുകയും ചെയ്തിട്ടുണ്ട്. പി.പി.എ. യുടെ കോപ്പി ലഭ്യമാക്കാത്തതിനാൽ ഈ തുക ഏത് അക്കൌണ്ടിലേക്കാണ് ക്രെഡിറ്റ് ആയിട്ടുള്ളത് എന്ന് വ്യക്തമല്ല. യഥാർത്ഥത്തിൽ നൽകേണ്ടുന്ന തുകയുടെ ഇരട്ടിതുക വിനിയോഗിച്ചിട്ടുണ്ട്. നഗരസഭാ വിഹിതം സംബന്ധിച്ച കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ശുചിത്വമിഷനിൽ നിന്നും ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

മേൽ പരാമർശം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 23/30.01.2025) , നം. 25/31.01.2025) നൽകിയതിന് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അധികമായി ചെലവഴിച്ച ഒരു ലക്ഷം രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കുന്നതിന് വിധേയമായി അധികമായി രണ്ടാമത് ചെലവഴിച്ച ₹1,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് വിധേയമായി ആദ്യം നൽകിയ ₹1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-2 തനതുഫണ്ടിൽ നിന്ന് പിഴപ്പലിശ അടവാക്കി: ₹81,710/-യുടെ ചെലവ് നിരാകരിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തെ Q3, Q4 ക്വാർട്ടറുകളിലെ ആദായനികുതി റിട്ടേൺ ഫയൽ ചെയ്യാൻ വീഴ്ച്ച വരുത്തിയതിനാൽ പിഴപ്പലിശ ഇനത്തിൽ വൗച്ചർ നമ്പർ 41/07.07.2023 (ചെക്ക് നമ്പർ 698526) മുഖേന ₹81,710.00 തനതുഫണ്ടിൽ നിന്ന് ആദായ നികുതി വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. 31.05.2023-ലെ 18-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ആണ് തുക ഒടുക്കിയിട്ടുള്ളത്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാൻ വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കാതെ തനതുഫണ്ടിൽ നിന്ന് പിഴപ്പലിശ ഒടുക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനും ഈ തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കി തനതുഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനും താല്പര്യപ്പെട്ട് 29.01.2025-ൽ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളതെന്നും റിട്ടേൺ ഫയൽ ചെയ്യാൻ താമസം വന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്തതിനാലാണ് പിഴപ്പലിശ ഒടുക്കേണ്ടി വന്നത്. ആയതിനാൽ തനതുഫണ്ടിൽ നിന്ന് ഈയിനത്തിൽ തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് തുക തിരികെ ഈടാക്കാത്ത പക്ഷം ₹81,710.00 സെക്രട്ടറിയിൽ നിന്ന് ഈടാക്കി തനതുഫണ്ടിൽ ഒടുക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3-3 തെരുവ് വിളക്കുകളുടെ പരിപാലനം - മെയിന്റനൻസ് പ്രൊജക്ടിന് ഏജൻസി ചാർജ്ജ് നൽകി - 31558/- രൂപയുടെ നഷ്ടം

പ്രോജക്ട് നം	72/2023-24
പ്രോജക്ടിന്റെ പേര്	തെരുവ് വിളക്കുകളുടെ പരിപാലനം
അടങ്കൽ	2350000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	1521094/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ നം.	1. 167/21-10-2023- 487880.00 2. 243/23-12-2023 – 593149.00 3. 421/21-03-2024– 440065.00
കോൺട്രാക്ടർ	ശ്രീ. അഭിലാഷ്

1. 2023-24 വർഷത്തെ തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പ്രൊജക്ടിൽ ആകെ 1521094/- രൂപ (ധനകാര്യ കമ്മീഷൻ

ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ചതിൽ ഏജൻസി ചാർജ്ജ് ഇനത്തിൽ ജോയ് എം.കെ.,ജോർജ്ജ് കെ.ജെ എന്നീ വ്യക്തികൾക്ക് തുക നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം	തുക	ഏജൻസി ചാർജ്ജ് നൽകിയത്	ആകെ
167/21-10-2023	487880.00	ജോയ് എം.കെ -2024/-	10122
		ജോർജ്ജ്കെ.ജെ- 8098/-	
243/23-12-2023	593149.00	ജോയ് എം.കെ -2461/-	12306
		ജോർജ്ജ്കെ.ജെ- 9845/-	
421/21-03-2024	440065.00	ജോയ് എം.കെ - 1826/-	9130
		ജോർജ്ജ്കെ.ജെ- 7304/-	
ആകെ			31558

2024-25 ൽ സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം 9879/- രൂപയും നൽകിയിട്ടുണ്ട്.

2. കരാറിലെ വ്യവസ്ഥകൾ പ്രവൃത്തിയുമായി യോജിക്കുന്നില്ല.

പ്രവൃത്തി നടത്തുന്നതിനായി ശ്രീ.അഭിലാഷ് എന്ന വ്യക്തിയുമായി ഏർപ്പെട്ടിട്ടുള്ള ഒരു കരാർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിലെ വ്യവസ്ഥകൾ സാധാരണ ഒരു മരാമത്ത് പണി നടത്തുന്നതിന് വേണ്ടിയിട്ടുള്ളതാണ്. തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭയിൽ എത്ര തെരുവിളക്കുകളാണുള്ളതെന്നോ അറ്റകുറ്റപ്പണികൾ വേണ്ട വിളക്കുകളുടെ പരിപാലനം എപ്പോൾ നിർവ്വഹിക്കണമെന്നോ എന്തെല്ലാം സാധന സാമഗ്രികളാണ് സപ്ലൈ ചെയ്യേണ്ടതെന്നോ ഒക്കെയുള്ള യാതൊരു വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. മോണിട്ടറിങ്ങ് സമിതി റിപ്പോർട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിന്റെ ഒരു ഘട്ടവും ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി വിലയിരുത്തി റിപ്പോർട്ട് നഗരസഭാ കൌൺസിലിന് സമർപ്പിച്ചിട്ടില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്ന ഈ പ്രൊജക്ടിൽ ഏജൻസി ചാർജ്ജ് ഇനത്തിൽ തുക നൽകിയതിന്റെ വിശദീകരണം ഓഡിറ്റിനെ അറിയിക്കണമെന്നും കരാറിലെ വ്യവസ്ഥകൾ പ്രവൃത്തിയുമായി യോജിക്കാത്തത് സംബന്ധിച്ചും മോണിട്ടറിങ്ങ് സമിതി വിലയിരുത്തൽ റിപ്പോർട്ട് ഇല്ലാത്തത് സംബന്ധിച്ചും വിശദീകരണം ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/31-01-2025 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ തദ്ദേശ സ്വയം ഭരണ (ഇ ഡബ്ല്യു) വകുപ്പിന്റെ സ.ഉ.(സാധാ)2878/2015 തീയതി 22-09-2015 ഉത്തരവ് പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 3 ശതമാനത്തിൽ കവിയാത്ത തുക പ്രതിഫലമായി പാനൽ എഞ്ചിനീയർക്കും തുകയുടെ 1 ശതമാനം പാനൽ അംഗങ്ങളായ എഞ്ചിനീയർമാർക്ക് ചെക്ക് മെഷർമെന്റ്, സാങ്കേതിക അനുമതി എന്നിവയ്ക്കായി ഓണറേറിയം ആയും നൽകാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാലാ കാലങ്ങളായി നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ഉപയോഗിച്ച് വരുന്ന എഗ്രിമെന്റ് ആണ് 2023-24 വർഷവും ഉപയോഗിച്ചത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 2024-25 വർഷം കരാർ വ്യവസ്ഥകളിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കും, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനും അനുയോജ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണെന്നും ആയത് തുടർ വർഷങ്ങളിലും തുടരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ലാത്തതാണ് എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഇ ഡബ്ല്യു) വകുപ്പിന്റെ സ.ഉ.(സാധാ)2878/2015 തീയതി 22-09-2015 ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവ നടത്തുന്നതിന് യഥാക്രമം എസ്റ്റിമേറ്റ് തുകയുടെ 3%, 1% എന്നിങ്ങനെ വകയിരുത്തുന്നതിനും, പ്രവൃത്തി നടത്തിപ്പിനായി പാനൽ എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരെഞ്ഞെടുക്കേണ്ടതും പ്രവൃത്തിയുടെ പൂർണ്ണമായ ഉത്തരവാദിത്തം അദ്ദേഹത്തെ ചുമതലപ്പെടുത്തുന്ന തരത്തിൽ കരാർ വയ്ക്കേണ്ടതുമാണ്. ഇവിടെ തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിയിട്ടുള്ളത് മാത്രമല്ല പരിപാലനത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എം ബുക്ക് പരിപാലിച്ച് അളവ് രേഖപ്പെടുത്തുകയോ, ചെക്ക് മെഷറിംഗ് നടത്തുകയോ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ ഏജൻസി ചാർജ്ജ് നൽകിയത് സംബന്ധിച്ച മറുപടി തൃപ്തികരമല്ല. ഏജൻസി ചാർജ്ജ് ഇനത്തിൽ നൽകിയ 31558/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ, ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	2023-24ലെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രിക പരിശോധിച്ചത്.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്തപ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ₹6468510.00 നൽകിയെങ്കിലും ₹49779.00 മാത്രമാണ് വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./ ചെക്ക് നം./ തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവ ഴിച്ച തുക(₹)	ചെലവ ഴിക്കാൻ ബാക്കി യുള്ള തുക (₹)
പി ഡബ്ല്യു ഡി	ജനറൽ ആശുപത്രിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (243/24)	330/14.02.2024	5226000/-	5226000/-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല
പി.ഡബ്ല്യു.ഡി	ജനറൽ ആശുപത്രിയിൽ സി.സി.ടി.വി.-യും ഇന്റർകോമും സ്ഥാപിക്കൽ (78/24)	204/22.11.2023	1055500/-	1055500/-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല
		ആകെ	6281500/-	6281500/-	
കെ എസ് ഇ ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (72/24)	312/08.02.2024 487/26.03.2024	157747/- 29263/-	187010/-	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല
		ആകെ	187010/-	187010/-	
		ഒട്ടാകെ	**6468510/-**	**6468510/-**	

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹)	തൻവർഷ വായ്പ(₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരികെ അടവാക്കുവാനുള്ള തുക (₹)
				മുതൽ	പലിശ	
പി.എം.എ.വൈ. ഭവനപദ്ധതി (ഹഡ്കോയിൽ നിന്നുമുള്ള ലോൺ)	ജി.ഒ (എം.എസ്.) നം.68/2018 /എൽ.എസ്. ജി.ഡി.	26106665	400000	2400000	---	24106665

ജി.ഒ പ്രൊജക്ട് മുഖേന സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	പ്രൊജക്ടിന്റെ പേര്	തുക
276/24	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ)	₹764444
280/24	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ)-രണ്ടാം ഗഡു	₹764444
283/24	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ)-മൂന്നാം ഗഡു	₹764445
277/24	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.)	₹35556
281/24	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.)-രണ്ടാം ഗഡു	₹35556
284/24	ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.)-മൂന്നാം ഗഡു	₹35555
	ആകെ	₹2400000

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	₹4325715
തൻവർഷം നിക്ഷേപിച്ച തുക (പലിശ ഉൾപ്പെടെ)	₹294658

ആകെ	₹4620373
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	₹4620373

സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	സർട്ടിഫിക്കറ്റ് നമ്പർ	തുക	പലിശ	ആകെ
1	143318802000016 കേരള ബാങ്ക്	₹1085621	₹67851	₹1153472
2	0251240 മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്ക്	₹1591625	₹111414	₹1703039
3	0251241 മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്ക്	₹1648469	₹115393	₹1763862
	ആകെ	₹4325715	₹294658	₹4620373

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3.30.2	2009-10	3.8.22(1)	ആധുനിക അറവുശാല നിർമ്മാണം. നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ച്ചെലവ്- 13 ലക്ഷം	LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം അറവുശാല അറ്റകുറ്റപ്പണി നടത്തി PCB നിർദ്ദേശാനുസരണമുള്ള മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തി ഉപയോഗക്ഷമമാക്കണം.
2006-07	3.14.1	2009-10	3.7.11(1)	വനിതാ വ്യവസായ വികസനം ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കൽ	LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണം.
2006-07	2-2(7)	2009-10	2-6-5	കംഫർട്ട് സ്റ്റേഷൻ ലേലം നഷ്ടം 60000/-	LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം പിഴപ്പലിശ ഈടാക്കണം.
2017-18	3-2	2019-20	2	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ചാർജ് സർച്ചാർജ് നടപടികൾ നിലവിലില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം)	:	₹32,99,79,347.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം)	:	₹25,28,63,472.00
വരവിനങ്ങളിലുള്ള നഷ്ടം	:	₹87,867.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	₹2,13,268.00
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹9404582.00

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	

1-14 & 2-1	₹87867	-	ശ്രീ. എം.മുഹമ്മദ് ആരിഫ് ഖാൻ, നഗരസഭാ സെക്രട്ടറി
1-24 & 3-2	-	₹81,710	ശ്രീ. എം.മുഹമ്മദ് ആരിഫ് ഖാൻ, നഗരസഭാ സെക്രട്ടറി
1-32 & 3-1	-	₹1,00,000	ശ്രീ. എം.മുഹമ്മദ് ആരിഫ് ഖാൻ, നഗരസഭാ സെക്രട്ടറി
1-44 & 3-3	-	₹31,558	ശ്രീമതി ഹരിപ്രിയ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	₹87,867	₹2,13,268	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-29	₹5,00,000	ശ്രീ.എം.മുഹമ്മദ് ആരിഫ് ഖാൻ, നഗരസഭാ സെക്രട്ടറി
1-30	₹6,10,000	ശ്രീ.എം.മുഹമ്മദ് ആരിഫ് ഖാൻ, നഗരസഭാ സെക്രട്ടറി
1-33	₹10,55,500	ഡോ.അനിത ബാബു, സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ
1-34	₹52,26,000	ഡോ.അനിത ബാബു, സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ
1-35	₹13,12,551	ഡോ.അനിത ബാബു, സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ
1-37	₹2,13,525	ശ്രീ.ദീപ് വി., പ്രോജക്ട് ഓഫീസർ
1-40	₹1,87,010	ശ്രീമതി ഹരിപ്രിയ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
1-41	₹3,00,000	ശ്രീമതി ഹരിപ്രിയ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	**₹9404586**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.എം.മുഹമ്മദ് ആരിഫ് ഖാൻ, നഗരസഭാ സെക്രട്ടറി	മാവേലിക്കര നഗരസഭാ സെക്രട്ടറി	സബീന മൻസിൽ, പുത്തൻവിളാകം, പുല്ലൂർക്കോണം, വിഴിഞ്ഞം പി.ഒ, തിരുവനന്തപുരം 695521
ഡോ.അനിത ബാബു, സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ	സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, മൂവാറ്റുപുഴ	ഇലഞ്ഞിക്കൽ (ഹൗസ്), കല്ലുകടവ് റോഡ്, പുളിഞ്ചോട്, ആലുവ 683101
ശ്രീ.ദീപ് വി. പ്രോജക്ട് ഓഫീസർ	ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1, കൊച്ചി കോർപ്പറേഷൻ.	വരിശ്ശേരി പുത്തൻവീട്, മൺറോത്തുരുത്ത്, പട്ടംതുരുത്ത് പി.ഒ. കൊല്ലം.
ശ്രീമതി ഹരിപ്രിയ എസ്. അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി	വരിക്കണ്ടത്തിൽ ശ്രീഹരി, വെട്ടാവേണി, ഹരിപ്പാട് പി.ഒ. ആലപ്പുഴ

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം
1996-97	LFE(EKM)M1 519/88/15-06-00
1997-98	LFE(EKM)M1 128/93/22-12-93
1998-99	LFE(EKM)M1 129/01/12-12-01
1999-00, 2000-01	LFE(EKM)M2 1943/09/13-11-07
1999-00, 2000-01	LFE(EKM)M2 43/05/19-04-88
1997-98	LFE(EKM)M2 1555/88/3-11-12
1998-99	LFE(EKM)M2 43/05/19-04-88
1999-00	LFE(EKM)M2 1555/88/3-11-12
2000-01	LFE(EKM)M2 775/05/29-12-05
2001-02	LFE(EKM)M1 1158/07/21-11-07
2002-03	LFE(EKM)M1 441/08/11-05-09
2003-04	LFE(EKM)M1 383/12/30-03-12
2004-05	LFE(EKM)M2 43/13/07-01-13
2005-06	LFE(EKM)M2 43/13/07-01-13
2006-07	LFE(EKM)M1 441/08/11-05-09
2007-08	LFE(EKM)M1 139/10/17-10-11
2008-09	LFE(EKM)M1 519/88/15-06-00

2009-10	LFE(EKM)M1 314/11/10-02-12
2010-11, 2011-12	LFE(EKM)M2 14/14/29-01-15
2012-13	LFE(EKM)M2 972/15/16-11-15
2013-14, 14-15	KSA(EKM)M2 1116/2016/13-07-16
2015-16	KSA(EKM)M1 101/2017/08-02-17
2016-17	KSA(EKM)M2- 2163/2017 /30-11-17
2017-18	KSA(EKM)M2- 299/2019 /27-3-19
2018-19	KSA(EKM)M2- 1851/2019 /14-1-20
2019-20	KSA(EKM)M2-727/22/18.07.2022
2020-21	KSA(EKM)M2-1333/19.08.2022
2021-22	KSA(EKM)M2-2133/17.02.2023
2022-23	KSA(EKM)M2-79/24 / 20.03.2024

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 31-07-2024 and submitted on 31-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Muvattupuzha Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Muvattupuzha Municipality as on 31-03-2024

Date: 27/03/2025

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Muvattupuzha Municipality for the Year 2023-2024 .

1.Major Observations

The financial statements for the year ended on 31.03.2024 are subject to uncertainity to some extent, particularly regarding the position of assets and liabilities, due to the integration challenges encountered during the transition from Saankhya software to K-Smart application. The non- adaptibility issues related to porting of data from K-Smart to Saankhya are detailed in the audit report as separate paragraphs.

2.Other Observations

1. Source document for verification of Property tax from 01.01.2024 is not available for audit in K-Smart application.

2. Fund transferred in the current year for deposit works amounts to Rs.6468510/- but only Rs.49779/-is booked in the concerned head in the AFS.
3. Details of instruments of bank reconciliation as in cheque number/voucher number are not included in the Bank Reconciliation Statements. Hence the reconciliation statements are not reliable for audit.
4. Expenditure of Central Finance Commission Grant booked in Annual Financial Statement is Rs.7309732/- where as the expenditure as per Sulekha Expenditure Statement is Rs.7311948/-. Excess payment of Rs.100000/- is not seen included either in the Appropriation Control Register or in the Sulekha Statement.
5. Rs.40/- narrated as PMAY permit fee and deposits received under various heads have been wrongly booked in the account head 140120100 of fees for construction of buildings.
6. Demand, Collection and Balance amounts of property tax from Saankya and Sanchaya softwares do not match.
7. B-7 schedule in the Balance Sheet shows a liability of Rs.49,967,329/- towards deposits received under various heads. But the deposit register lacks details of depositors which is likely to affect proper refunds.

8. Loan register is not properly maintained updating outstanding payments.
9. Social Security Pension payment amounts in the AFS differ with statement from Sevana Pension website.
10. Basic Ratios are not included in AFS.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്